

# കനവ്

## ലിറ്റിൽ കൈറ്റ്സ്

എം എസ് എം എച്ച് എസ് എസ്

ചാത്തിനാംകുളം

# OUR FOUNDER



**Haji A. Hydrose Kunju**

Founder - **MSM INSTITUTIONS**

*inspiration*

## MANAGER



# sri. H. ABDUL SHEREEF

# Governing Board Members



*Al-Haj* **H. ABDUL RASHEED**



**H.ABDUL KALAM**

***അഭിമാനാർഹമായ അൻപത് വർഷത്തിൻറെ***

***നിറവിൽ .................................***

# PRINCIPALS DESK



**I am very glad to know that LITTLE KITES of MSM HSS IS publishing a magazine. It is pleasant to note that the magazine will provide a good platform for students to showcase their creative talent. I hope that the magazine will rich and elegant**

**I WISH ALL SUCCESS TO THE ENDEAVOUR**

**ANILKUMAR.S**




# ആശംസ

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ താൽപ്പര്യം, ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക്ക് പദ്ധതിയിലൂടെ, കേരള സർക്കാർ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന , കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക രംഗത്തെ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനത്തിലൂടെ, ഓരോ ലിറ്റിൽ കൈറ്റംഗവും സ്വായത്തമാക്കിയ നൈപുണികൾ എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള വേദിയാകട്ടെ ഈ മാഗസീൻ എന്നാശംസിക്കുന്നു.

**ശ്രീകുമാർ കെഎസ്**



**SUNIL G.S**
**SITC**



**SUNIL G.S**
KITE MASTER



**SMITHA.T.S**
KITE MISTRESS

## Table of Contents

.......................................................................................................6
സഹായഹസ്തം.......................................................................................8
തത്തകൾ.............................................................................................10
ഇര....................................................................................................11
പ്രളയം...............................................................................................12
ശലഭം................................................................................................13
മയിൽപീലി.........................................................................................14
തേനീച്ച...............................................................................................15
പുഞ്ചിരി..............................................................................................16
"ഇതൊരു പാഠമാകട്ടെ"..........................................................................17
സ്നേഹത്തിൻറെ വില.............................................................................18
സംസ്കൃതവും ഗണിതവും........................................................................19
നൊമ്പരം.............................................................................................20
അപ്പുവിൻറെ മുത്തശ്ശി............................................................................21
അമ്മ എന്ന പുണ്യം................................................................................22
അഹങ്കാരത്തിന് കിട്ടിയ ശിക്ഷ.................................................................23
" എന്നും ഓർമ്മകൾ"..............................................................................24
മലയാളഭാഷ........................................................................................26
കഴിഞ്ഞുപോയ ഒരു വസന്തകാലം.............................................................27
അമ്മ കിളിയുടെ മനസ്സ്............................................................................28
ഭൂമിയുടെ തണൽ...................................................................................29
അമ്പിളിമാമനും രണ്ടു കവികളും..............................................................30
രണ്ടു ചിത്രകാരന്മാർ...............................................................................31
സൗഹൃദം...........................................................................................32
നീർപ്പോളകൾ.......................................................................................33
കാട്ടു കറുമ്പി........................................................................................34
मै अकेला है........................................................................................35
രണ്ടു ചിത്രകാരന്മാർ...............................................................................36

# സഹായഹസ്തം



റിയ ഫാത്തിമ 8.B

മരണ മാണി ലോകമാം വീഥിയിൽ നിന്നൊരു വിടവാങ്ങൽ

ജീവൻ ആരംഭം ഏകും ഭൂമിയിലേക്ക് ഒരു മടക്കയാത്ര

അതിനു ഇടയിൽ ആയുള്ള ഒരു ചെറിയ കാലഘട്ടം

അതിൽ നടന്നായിരുന്ന കാര്യങ്ങൾ അതിവേഗം

അതിനു മുന്നോടിയായ ഒരു മരണ വിളി

അതിലേക്ക് കാതോർക്കാം നമുക്ക്

ഒരു സഹായഹസ്തം അവർക്കായി നീട്ടാം

നാമെല്ലാം മനുഷ്യർ

എല്ലാം ഒരിക്കൽ നശിക്കും

എല്ലാം നശിക്കാൻ ഒരുനിമിഷം

നൽകാം ഒരു കൈ അവർക്കായി

നാളെയ്ക്കായി പടുത്തുയർത്താം

ആയിരം കൈകൾ

കോർക്കാം കൈകൾ നമുക്ക്

തീർക്കാം പുതുലോകം നിക്കടാ





അഞ്ജന ജെ 8F

# തത്തകൾ

മത്ത പടർന്ന നിലത്തിൽ തത്തകൾ ഒത്തിരി

നേരം പാറി നടന്നു

പാറി നടന്നിട്ടും ഒടുവിൽ

പുത്തരി നെല്ലിൻ പാടത്തെത്തി

പുത്തരി നെല്ലിൻ പാടവരമ്പിൽ

അത്തി മരങ്ങൾ 10 ഉണ്ട്

അത്തി മരങ്ങൾ പത്തിലും ഉണ്ട്

ഒത്തിരി പഴുത്ത പഴങ്ങൾ മാത്രം


പഴുത്ത പഴങ്ങൾ കൊത്തിക്കൊത്തി

തിന്നാൻ അതാ തത്തകളെത്തി

തത്തകൾ എത്തിയ നേരത്ത് യ്യൂ

10 പഴങ്ങൾ ചടപട താഴെ







വർഷ  9c

# ഇര

രാത്രിയുടെ ക്രൂരത കൊണ്ടവൾ

ത്യാഗി യാം പിടയുന്ന ഇരയാകുന്നു

ആലംബമില്ലാതെ പിടയുന്ന വർക്ക്

താങ്ങില്ല തണലില് തുണയും ഇല്ല

ഇരുളിൻ നിമിഷത്തിൽ

ആരും ഇല്ലാത്ത അവൾക്ക് ദ്വീപ്മേകാൻ

രാത്രിയുടെ രാഷസ വേളയിൽ

പെണ്ണ് അവളെ ക്രൂര നഖങ്ങൾക്ക് അടിമയാകുന്നു

അലറുന്ന ശബ്ദത്തിൽ മുഴ കണങ്ങൾ കേൾക്കുമ്പോൾ

ഒന്നോർക്കുക താൻ മാതാവിൻ മുഖം

ചോലകൾ ചിന്തും ആ വേളയി പെണ്ണവൾ കരയുന്നു പിടയുന്ന നീറുന്ന

ഇപ്പോഴും ക്രൂരത ചെയ്യുമ്പോൾ മറന്നുപോകു

നീയും ഒരമ്മതൻ ഉദരത്തിൽനിന്ന് അല്ലയോ വന്നത്

മറക്കല്ലേ മനുഷ്യാ വെറുക്കല്ലേ സ്ത്രീയെ

അവൾ അമ്മയാണ് ദേവിയാണ് പുണ്യ സ്രോതസ്സാണ്




എം എസ് എം എച്ച് എസ് എസ്



ആദിത്യൻ എസ് 7c

# പ്രളയം

അന്നപെയ്ത പ്രളയമേ.........

മഴത്തുള്ളിയായി പെയ്തു നീ

ജന മിഴിയിൽ കണ്ണീർ തുള്ളിയായി പെയ്തു നീ

നാട് കടലായി ഒഴുകിയ പ്രളയമേ......

പലമരണവും, ജന സ്തംഭവും കണ്ടു നീ..

നാട് ഒന്നായി കൈകോർത്ത് നിൽക്കേ....

ഒരു ചെറു പുഞ്ചിരി തൂകി മറഞ്ഞു

അന്ന് ഒരു പ്രണയം ഒന്നാക്കി നമ്മെ....

സുന്ദരമായ ഒരു പ്രകൃതി നൽകി

അന്ന് ഈ നാടിൻറെ സ്നേഹപുഞ്ചിരി

ഇന്ന്ഈ നാട്ടിലെവിടെയോ....

ഞാൻ ആഗ്രഹിക്കുന്ന ഒരു പ്രളയം കൂടി

ഈ നാട്ടിൽ........





എസ് നന്ദ ഗൗരി 8A

# ശലഭം

ഒരുദിവസത്തെ എൻറെ ജീവനെ നീ
എത്രമാത്രം പ്രേമിച്ച അങ്ങ് പോയി
എൻറെ വർണ്ണങ്ങൾ നീ കണ്ടിരുന്നു
എൻറെ ചിറകുകൾ കണ്ടിരുന്നു
അന്ന് ആ ഒരു മഴത്തുള്ളിയിൽ എൻറെ
ജീവിതം ഒഴുകിപ്പോയി അതു നീ കണ്ടില്ല
ആ സമയം ഈ സമയം എൻറെ
നേത്രത്തിൽ കുരിരുൾ കാറ്റു വീശി ഇരുന്നു
അതു നീ കണ്ടില്ല
ഞാനിരുന്ന തേൻ നുകരുന്ന പൂക്കൾ
എന്നോട് ചൊല്ലുന്നു ആരാണ് നീ സുന്ദരി
ആരാണ് നീ
ചൊല്ലുവാൻ പോലും സമയമില്ല എനിക്കിപ്പോൾ
ആ ദിവസം ഞാൻ ചുറ്റിക്കറങ്ങാൻ ഉള്ളതാണ്
പാഠപുസ്തകത്തിലെ ഓരോ വാക്കും
എന്നിൽ ആഹ്ലാദം ഉയർത്തി
ആ അവസാന നിമിഷത്തിൽ ഞാൻ
വിട ചൊല്ലുമ്പോൾ നിന്നെയും ഓർക്കുന്നു ഞാൻ








പാർവ്വതി മോൾ വിഎം

# മയിൽപീലി

നിലയിൽ മുങ്ങിയ കൊച്ചു മയിലിനെ
നാമിരുവരും കണ്ടത്ഉണ്ടോ?
നിന്നുടെ പീലി വിടർത്തിയ നൃത്തം
കാണാനെന്തൊരു ചേലാണ്
കൃഷ്ണമണിക്ക് ഒരു മറയായി നീൻ
പീലികൾഎന്നെ തഴുകുമ്പോൾ
കൃഷ്ണമണി കൊരു കുളിരായി
പീലികൾ എന്നിൽ നിറയുന്നു
മഴ മാസത്തിൽ മണിനാദം പോൽ
മയിലിൻ പീലികൾ ആടുന്നു
മയിലേ നിന്നെ പുൽകിടാനായി
ചേലേറും ഒരു മയിൽപീലി





ആദിത്യൻ എസ് 7C

# തേനീച്ച

പാറിപ്പറന്നു വരുന്ന കാമുകി

തേൻ എടുക്കാൻ വരില്ലേ നീ

കാത്തിരിക്കുന്നു ഞാൻ നിൻറെ പാട്ടുകേൾക്കാൻ

അന്ന് നീ പാടിയ പാട്ട് ഒന്നു പാടുമോ?

നിൻ വീടുപോലെ മൃദുലമാം നിൻ രാഗം

തേൻ രാഗമാണ് എൻറെ കാമുകി നിൻ

കാത്തിരിക്കുന്നു നിന്നെ ഞാൻ ഈ പൂന്തോട്ടത്തിൽ

ഞാൻ ഇഷ്ടപ്പെടുന്നു നിൻറെ രാഗവും മേളവും

ഓർക്കുന്നുവോ നീ എന്നെ

ഞാൻ അജ്ഞാനം ഒരു കാമുകൻ







റംസി 10 D

# പുഞ്ചിരി

എല്ലാവരും എന്നോട് ചോദിക്കും

നിൻ മുഖത്തെ പ്രകാശം എവിടെ ഒളിഞ്ഞു

ഞാൻ ചെറുപുഞ്ചിരി മറുപടിയായി സമ്മാനിക്കും

ചുട്ടുപൊള്ളുന്ന മനസ്സിൻറെവേദനയ്ക്ക്

ക്ഷമ നം പകരുന്ന എൻറെ ചങ്ങാതികൂട്ടം

എന്നിട്ടും എന്തേ എന്നെ മനസ്സിൻറെ നോവിനെ നീറ്റൽ മറഞ്ഞത്

എൻ സമപ്രായക്കാർ കളിച്ചും ചിരിച്ചും

രസിച്ചും നടക്കുമ്പോൾ ദുഃഖത്തിന് കനലുമായ തിരയുന്ന ഞാൻ

എന്തുകൊണ്ട് എനിക്ക് പുഞ്ചിരി ക്കുവാൻ കഴിയുന്നില്ല

എന്തുകൊണ്ട് ഞാൻ ജീവിതത്തെ വെറുക്കുന്നു മറുപടി തരൂ നീ

ഈശ്വരനെ മാത്രം എൻറെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിയും

ചോദ്യങ്ങളുടെ പണ്ടവുമായി ഞാനലയുന്നു





# "ഇതൊരു പാഠമാകട്ടെ"........



അനഘ 9C

ഇത്തവണ മഴയുടെ വരവ് മനുഷ്യ ജീവനെയും കൂടെ കൂട്ടി. മഴ വെള്ളപ്പൊക്കം ആയിമാറി. മനുഷ്യൻറെ ക്രൂരതയ്ക്ക് മുന്നിൽ പ്രകൃതി മുട്ടുകുത്തി ഒടുവിൽ പ്രകൃതി ആഞ്ഞടിച്ച അത് മഹാപ്രളയം ആയിമാറി. നമ്മുടെ നാടിനെ കണ്ണീരിലാഴ്ത്തി ആയിരക്കണക്കിന് മനുഷ്യജീവനുകൾ ഇല്ലാതായി. ഇതിനെ ഒരേ ഒരു

കാരണവും മനുഷ്യൻ തന്നെയാണ് മനുഷ്യൻറെ ആഗ്രഹവും"പണം" എന്ന ചിന്തയും മതങ്ങൾ തമ്മിലുള്ള വേർതിരിവും പ്രകൃതിയുടെമേൽ മനുഷ്യൻ ആധിപത്യം സ്ഥാപിക്കുകയും പ്രകൃതിയെ ഇല്ലായ്മചെയ്തു ഒറ്റക്കാരണത്താൽ ആണ് പ്രകൃതി പ്രതികാര രൂപംപൂണ്ട് മഹാപ്രളയം ആയി മാറിയത്. ആരും കാണാതെ പോയ മത്സ്യത്തൊഴിലാളികളാണ് മതം എന്ന വേർതിരിവ് കാട്ടാതെ അതൊരു മനുഷ്യനാണ് എന്ന ഒറ്റക്കാരണത്താൽ അവരെ രക്ഷിക്കാൻ സ്വന്തംജീവൻ പണയംവച്ച് അതിനെ ഇറങ്ങിയത്. ആ സമയങ്ങളിൽ എല്ലാമനുഷ്യരും വലിയവനോ ചെറിയവനോ എന്ന വ്യത്യാസമില്ലാതെ ഹിന്ദുവെന്നോ മുസൽമാനെന്നോ ക്രിസ്ത്യൻ എന്നോ വേർതിരിവില്ലാതെ കടക്കീഴിൽ അഭയംപ്രാപിച്ചു. നാം ഒരു ആപത്ത് ഘട്ടത്തെ നേരിടുമ്പോഴാണ് മനുഷ്യത്വമുള്ള മനുഷ്യരെ അറിയാൻ സാധിക്കുന്നത്." ഈ പ്രളയം മനുഷ്യൻ ഒരു പാഠമാകട്ടെ പ്രകൃതിയെ ചൂഷണം ചെയ്താൽ അത് തിരിച്ച് പ്രതികരിക്കും എന്നുള്ള സത്യം അവൻ മറക്കാതിരിക്കട്ടെ"........ ബൈബിളിൽ പറയുന്നു:

"ദൈവമായ കർത്താവ് ഒരുനാൾ മനുഷ്യൻറെ അഹങ്കാരത്താൽ ഒരു വെള്ളപ്പൊക്കം കൊണ്ടുവന്ന മനുഷ്യൻറെ ജീവൻ എടുത്തിരുന്നു മനുഷ്യൻറെ ക്രൂരതകൾ സഹിക്കാനാകാതെ അന്ന് ദൈവമായ കർത്താവ് പറഞ്ഞിരുന്നു ഇനി നാം ഒരിക്കലും ഇവിടെ വെള്ളപ്പൊക്കം കൊണ്ടുവന്ന മനുഷ്യജീവനുകൾ എടുക്കുകയില്ല"

എന്നാലിന്ന് മനുഷ്യൻറെ ക്രൂരതകൾക്ക് ഒരു അന്ത്യവും ഇല്ലാതെ തുടരുന്നു എന്ന ഒറ്റക്കാരണത്താൽ ആണ് ഇന്നും മണ്ണിൽ വെള്ളപ്പൊക്കമുണ്ടായി അതൊരു മഹാപ്രളയം ആയി മാറിയത്

"കേരളം ദൈവത്തിൻറെ നാട്" എന്നാണ് അറിയപ്പെട്ടിരുന്നത് എന്നാലിന്ന് കേരളത്തെ ഇങ്ങനെ വിളിക്കാൻ കഴിയുകയില്ല എന്ന മനുഷ്യൻ തിന്മകൾ വെടിഞ്ഞ് നന്മ ചെയ്യുന്നുവോ അന്ന് മാത്രം കേരളത്തെ ദൈവത്തിൻറെ നാട് എന്ന് വിശേഷിപ്പിക്കാം

കേരളം ഇപ്പോൾ മനുഷ്യൻറെ കൈക്കുമ്പിളിൽ ഒരു കുമിള മാത്രമാണ് എപ്പോ വേണമെങ്കിലും അത് നശിച്ച പോകാം അതിനെ സംരക്ഷിക്കേണ്ട ബാധ്യത മനുഷ്യനു മാത്രമാണ്

# സ്നേഹത്തിൻറെ വില



അൽഫിയ S 6A

ഒരിടത്ത് ഒരു തിന്മ സ്വഭാവമുള്ള ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിക്ക് അവരുടെ അമ്മയെയും അച്ഛനെയും ഇഷ്ടമല്ലായിരുന്നു. ആ കുട്ടിയുടെ അമ്മ എന്ത് നല്ല കാര്യം പറഞ്ഞു കൊടുക്കുമ്പോഴും ആ കുട്ടി ചീത്ത കാര്യങ്ങളെ ചെയ്യാറുള്ളൂ ഓരോ സാധനങ്ങൾ വേണമെന്ന് ആ കുട്ടി അച്ഛനമമ്മയും പറയും പറയും പൈസയില്ല പിന്നെ വാങ്ങിത്തരാമെന്ന് പറയും .വേണമെന്ന് വാശി പിടിക്കും അപ്പോൾ അവരുടെ അച്ഛൻ വാങ്ങി കൊടുക്കും അവനോട് പറയുമ്പോൾ അവൻ തറുതല പറഞ്ഞുകൊണ്ടിരിക്കും . പോയിഅവൻ കുറച്ചുദിവസം കഴിഞ്ഞ്

സ്കൂളിലേക്ക് അപ്പോളവൻ പോയി കുറേനേരം കഴിഞ്ഞ്

ഇല്ലാത്തതെല്ലാം കൂട്ടുകെട്ട് തലവേദനആവശ്യമില്ലാത്ത കാര്യം പറയുകയും കൊടുക്കുകയും ചെയ്തു. സിഗരറ്റ് ആണ് ആ കുട്ടിക്ക് നൽകിയത്. അങ്ങനെ അവൻ അതൊക്കെ ഉപയോഗിച്ച് കൊണ്ടിരുന്നു. അങ്ങനെ അവൻറെ അമ്മ ഇക്കാര്യംഅറിഞ്ഞു. അപ്പോൾ ആ അമ്മയ്ക്ക് വളരെ സങ്കടമായി. അവൻ സ്കൂൾ വിട്ട് തിരികെ വന്നപ്പോൾ അവൻറെ അമ്മ കരഞ്ഞോണ്ട് പറഞ്ഞു: എന്തിനാ മോനെ ഇങ്ങനെയൊക്കെ ചെയ്യുന്നത്. അപ്പോൾ അവൻ പറഞ്ഞു :"എണീറ്റ് പോ തള്ളെ". അത് കേട്ടപ്പോൾ അമ്മയ്ക്ക് ഒരുപാട് സങ്കടം തോന്നി. അങ്ങനെ കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൻറെ അച്ഛൻ ഈ കാര്യം അറിഞ്ഞു. അപ്പോൾ അവൻറെ അച്ഛൻ തലകറങ്ങിവീണു. അങ്ങനെ ആ അച്ഛൻ സങ്കടം സഹിക്കാനാകാതെ ആശുപത്രിയിലായി. അങ്ങനെ കുറെനാൾ കഴിഞ്ഞപ്പോൾ അവൻറെ അച്ഛൻ മരിച്ചുപോയി. എന്നിട്ടും അവൻ നന്നായില്ല. വീണ്ടും സങ്കടത്തോടെ അവൻറെ അമ്മ അവനെ ഉപദേശിച്ചു. കുറെനാൾ കഴിഞ്ഞു .സിഗരറ്റിൽ നിന്ന് മയക്കമരുന്നും കഞ്ചാവുമൊക്കെ ഉപയോഗിക്കുന്ന അതിലേക്ക് അവൻറെ ശ്രദ്ധ പോയി . അങ്ങനെ ഒരുദിവസം അവൻ വീട്ടിലിരുന്ന് മദ്യപിക്കുകയും സിഗരറ്റ് വലിക്കുകയും ചെയ്തു. ഇതൊക്കെ അവൻറെ അമ്മയുടെ മുമ്പിൽ വച്ചായിരുന്നു ചെയ്തത്. ഇതൊന്നും സഹിക്കാനാകാതെ അവൻറെ അമ്മ ആരും കാണാത്ത ഒരു സ്ഥലത്ത്

ചെന്ന് പൊട്ടിക്കരയുകയായിരുന്നു. അങ്ങനെ ഒരുപാട് വർഷങ്ങൾ പിന്നിട്ടു. അവനൊരു വിവാഹംകഴിച്ചു . വിവാഹം കഴിച്ച സ്ത്രീ ഒരു ദുഷിച്ച സ്വഭാവമുള്ള ഒരാളായിരുന്നു. അവർ രണ്ടുപേരും ചേർന്ന് അമ്മയ്ക്ക് ഒരു വീട്ടുജോലിക്കാരിയുടെ സ്ഥാനമേ കൊടുത്തിരുന്നുള്ളൂ. അവർ ആ അമ്മയെ തിരിഞ്ഞു പോലും നോക്കിയില്ല. അവൻ വിവാഹം കഴിച്ച സ്ത്രീ അമ്മയെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തിരുന്നു. ഇതൊക്കെ കണ്ടുനിന്ന അവൻ ചിരിച്ച സന്തോഷമായി കഴിഞ്ഞു. അങ്ങനെ കുറെ

നാളുകൾ കഴിഞ്ഞു. അവൻറെ അമ്മ മരണപ്പെട്ടു അന്നിട്ട് മാമന് ഒരു സങ്കടം പോലും തോന്നിയിരുന്നില്ല. അവൻ സന്തോഷവാനായിരുന്നു. അമ്മ മരിച്ച സന്തോഷത്തിൽ അവൻ കൂടുതൽ മദ്യപിക്കുകയും പുകവലിക്കുകയും ചെയ്തു.

അങ്ങനെ കുറേ ദിവസങ്ങൾ കഴിഞ്ഞു. ഭാര്യ അവരുടെ അടുത്ത് ചെന്ന് പറഞ്ഞു: ആരാണ് ഇനി വീട്ടുജോലി ചെയ്യുക . ഇനി നിങ്ങൾ ചെയ്താൽ മതി. അവൻ ഞെട്ടിപ്പോയി. അങ്ങനെ അവൻ ജോലി ചെയ്തു തുടങ്ങി. അപ്പോൾ അവനവൻറെ അമ്മയെ കുറിച്ച് ചിന്തിച്ചു. അപ്പോഴാണ് അവനവൻറെ അമ്മയുടെ നന്മകൾ തിരിച്ചറിഞ്ഞത്." പാവം അമ്മ ഇത്രയും ഞാനമ്മയെ കഷ്ടപ്പെടുത്തി. ഇതെല്ലാം ചെയ്തിട്ടും അമ്മയെന്നെ കളഞ്ഞില്ല. എന്നിട്ടും ഞാൻ എൻറെ വാ അമ്മയുടെ വാക്കുകൾ ധിക്കരിച്ചു. ദൈവമേ ! ഇനി എവിടെയും ഒരു അമ്മയ്ക്ക് ഇങ്ങനെയൊന്നും സംഭവിക്കാൻ പാടില്ല .നമ്മുടെ അമ്മമാരുടെ സ്നേഹം വേറെ ആരിൽ നിന്നും കിട്ടില്ല. നമ്മുടെ അമ്മ പത്തുമാസം വയറ്റിൽ ചുമന്ന് നമ്മെ വളർത്തി. ഏതു മോശ സ്ഥിതിയിലും നമ്മെ അറിയിക്കാതെയാണ് അവർ വളർത്തിയത്. സന്തോഷത്തിനായി അവർ ആഹാരം പോലും കഴിക്കാതെ കഷ്ടപ്പെട്ടു. അതുകൊണ്ടുതന്നെ ഏതൊരു അമ്മയെയും അച്ഛനെയും നാം ബഹുമാനിക്കണം. അവരില്ലെങ്കിൽ നാമിന്ന് ഉണ്ടാവില്ല. അത് ഓരോ മക്കളുംമനസിലാക്കണം. "

# സംസ്കൃതവും ഗണിതവും



അശ്വതി രാജ് 8A

**ഭാരതീയർ കണ്ടുപിടിച്ച പൂജ്യത്തിൻറ്റെ ആവിർഭാവം വിപ്ലവകരമായ ഒരു മാറ്റം ആണ്. ഗണിത ലോകത്തിന് നൽകിയത്. ഭൂമിയുടെ സൂര്യന് ചുറ്റുമുള്ള ഭ്രമണ സമയം 365. 25 76 4 8 4 ദിവസങ്ങൾ ആണെന്ന് നൂറുവർഷങ്ങൾ മുമ്പുതന്നെ. ഭാരതീയനായ ഭാസ്കരാചാര്യൻ കൃത്യമായി കണ്ടുപിടിച്ചിട്ടുണ്ട്. ദശാംശ സംഖ്യകൾ ക്രിസ്തുവിന് അഞ്ഞൂറ് വർഷങ്ങൾക്ക് മുൻപുതന്നെ ഭാരതത്തിൽ ഉപയോഗിച്ചിരുന്നു. പൈ എന്നതിൻറെ മൂല്യം ബൗധായനൻ ആണ് ആദ്യമായി നിർണ്ണയിച്ചത്. ബീജഗണിതവും ചതുഷ്കോണമിതീയും കാൽക്കുലസ് തുടങ്ങിയവയും എല്ലാം ഉത്ഭവം ഭാരതത്തിൽ ആയിരുന്നു. പതിനൊന്നാം നൂറ്റാണ്ടിലാണ് ശ്രീധരൻ ആചാര്യൻ ചതുഷ്കോണമി തി സമവാക്യം ആവിഷ്കരിച്ചത്. ഗണിത ലോകത്തിന് ഭാരതത്തിൻറെ സംഭാവന വിസ്മരിക്കാൻ ആകാത്തതാണ്.**

# നൊമ്പരം



**അൽഫിയ 10 D**

എനിക്ക് ഇന്ന് ലഭിച്ച സമ്മാനം എൻറെ അച്ഛനെയും അമ്മയെയും കാണിക്കണം. ഇത് കണ്ടാൽ അവർക്ക് വളരെയധികം സന്തോഷവും. ഈ ചിന്തയിൽ ഗൗരി സ്കൂളിൽ നിന്ന് വീട്ടിലേക്ക് എത്തി. ഓടിച്ചെന്ന്

അമ്മയും അച്ഛനും സമ്മാനം കാണിക്കാൻ. പക്ഷേ അവൾ അവിടെ കണ്ടത് അമ്മയും അച്ഛനും വഴക്ക് ഉണ്ടാക്കുന്നതാണ്. ഗൗരിയ്ക്ക് തൻറെ മാതാപിതാക്കൾ വഴക്കുണ്ടാക്കുന്നത് ഇഷ്ടമല്ലായിരുന്നു. അവൾക്ക് കിട്ടിയ സമ്മാനം അച്ഛനമമ്മയും വഴക്കിനിടയിൽ എറിഞ്ഞു പൊട്ടിച്ചു. അവൾക്ക് അത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. അവളുടെ പൊട്ടിയ സമ്മാനം മാറോട്ചേർത്ത് പൊട്ടിക്കരഞ്ഞു. തൻറെ ജീവിതത്തിൽ ഇത്തരത്തിലുള്ള പ്രയാസം എന്തിനാണ് നൽകിയത്. എന്നെ ഒരു അനാഥ യാക്കി

ജനിപ്പിച്ചിരുന്ന എങ്കിൽ എന്നുമീ പരാതി ദൈവത്തോട് പറഞ്ഞിട്ടേഗൗരി ഉറങ്ങുകയുള്ളൂ. ഉറക്കത്തിൽ ഒരു സ്വപ്നം കാണും. തൻറെ അച്ഛനും അമ്മയും വഴക്ക് കൂടാതെ സന്തോഷത്തോടുകൂടി ഇരിക്കുന്നത്. അവൾ അവരുടെ രണ്ടു പേരുടെ ഇടയിൽ ഇരിക്കുന്നതായും. സ്വപ്നത്തിൽ നിന്ന് എഴുന്നേൽക്കുമ്പോൾ വല്ലാത്ത നിരാശയും. എൻറെ ജീവിതം തകർത്തു ജീവിതത്തിൽ ഒരു സന്തോഷവും അനുഭവിക്കാൻ കഴിയാത്ത വിഡ്ഢിയാണ് ഞാൻ. ഇതാ നിൻറെ ചോറുപാത്രം അമ്മയോട് പറഞ്ഞു. ഞാൻ സ്കൂളിലേക്ക് പോകുന്നു എന്ന് മാത്രം പറഞ്ഞു ഗൗരി ചോറ്റുപാത്രം എടുത്തുകൊണ്ട് മുറ്റത്തേക്കിറങ്ങി. ഉച്ചയോടെ ഉള്ള മണി മുഴങ്ങി. എല്ലാവരും ചോറുപാത്രം മുന്നിൽ എടുത്തുവെച്ച് കഴിക്കാൻ തുടങ്ങി. ഗൗരിയും ചോറുപാത്രം എടുത്തു കഴിക്കാൻ പാത്രം തുറന്ന് ഒരു ഉരുള വായിൽവെച്ച് അവൾ മെല്ലെ ചവച്ചു. അവൾക്ക് അവളുടെ അമ്മ പറഞ്ഞ് സംഭാഷണം ഓർമ്മ വന്നു. ഗൗരിയുടെ കുഞ്ഞി കണ്ണിൽനിന്നും കണ്ണുനീർ പൊടിയാൻ തുടങ്ങി. അവളത് ആരുംകാണാതെ കുഞ്ഞി വിരൽകൊണ്ട് തുടച്ചുമാറ്റി. വീട്ടിലെത്തി നാമം ജപിച്ചശേഷം പുസ്തകം തുറന്നു പഠിക്കാൻ അപ്പോഴും അച്ഛനമമ്മയും ഉറക്കെ വഴക്കിടുക യാണ്. അന്ന് അവൾ ഒരു ഇറ്റ് വെള്ളം കുടിക്കാൻ പോലും കൂട്ടാക്കാതെ നേരം വെളുപ്പിച്ചു. ഗൗരി സ്കൂളിലേക്ക് പോകുവാൻ ഇറങ്ങി. അപ്പോഴാണ് അയൽപക്കത്തെ ചേച്ചിമാരുടെ കുശലം പറച്ചിൽ. സുധാകരനും രമയും ഇവിടെ താമസം ഉണ്ടെന്ന് പറഞ്ഞു. ഉള്ളവർക്ക് ഇവിടെ താമസിക്കട്ടെ ഇതെന്തൊരു പുകിൽ എന്ന് പറയു ഗൗരി അവരുടെ സംസാരത്തിൽ നിന്ന് മനസ്സിലാക്കി തൻറെ അച്ഛനെയും അമ്മയുടെയും വഴക്കിനെ കുറിച്ചാണ്. അങ്ങനെ ദിവസങ്ങൾ ആഴ്ചകൾ മാസങ്ങൾ ഗൗരിയുടെ ജീവിതത്തിൽ കടന്നുപോയി എന്നാലും ഗൗരിയുടെ മാതാപിതാക്കളുടെ വഴക്കിന് ഒരു ശമനവും ഉണ്ടായിരുന്നില്ല ദിവസങ്ങൾകഴിയുംതോറും വഴക്ക്മുറുകി കൊണ്ടിരുന്നു ഗൗരിയുടെ സമനില ആകെ തെറ്റി. മാനസികമായി അവർ തകർന്ന ഗൗരിയുടെ ഈ മാറ്റത്തെ അമ്മമ്മ ശ്രദ്ധിച്ചു. അങ്ങനെ ഗൗരിയേയും അമ്മമ്മയുടെ പരിചയത്തിലുള്ള ഒരു മാനസിക ഡോക്ടറിനെ കാണിച്ചു ഡോക്ടർ ഗൗരിയുടെ അടുത്തുചെന്ന് മനസ്സിലാക്കി അമ്മയോട് കാര്യം പറഞ്ഞു ഡോക്ടറോട് പറഞ്ഞു എൻറെ മോളുടെ കുട്ടിയാണ് ഗൗരി ഞാൻ

വേറെയാണ് താമസം മകളുടെയും മരുമകനെയും വഴക്ക കാരണം ഞാൻ ആ വീട്ടിലേക്ക് പോകാറില്ല പിന്നെ എൻറെ ഗൗരിയെ കാണാനാണ് ഞാൻ ചെന്നത് അപ്പോഴാണ് എൻറെ കുട്ടിയുടെ മോശ സ്ഥിതി മനസ്സിലായത് അത് കൊണ്ടാണ് മോൻറെ അടുക്കൽ ഗൗരിയേയും കൊണ്ടുവന്നത് നമുക്കിനി ഗൗരിയെ തിരിച്ചു കിട്ടണമെങ്കിൽ അവളുടെ മാതാപിതാക്കൾ തന്നെ ശ്രമിക്കണം ഡോക്ടർ മാതാപിതാക്കളെ കണ്ടു കാര്യം പറഞ്ഞു അപ്പോഴും തമ്മിൽ തമ്മിൽ പഴിചാരുകയാണ് അമ്മയും ഡോക്ടർ അവരോട് വളരെ അധികം കോപിച്ചു സുധാകരനും രമയും തങ്ങളുടെ മക്കളെ കുറിച്ച് ഇപ്പോഴാണ് നിങ്ങളുടെ കുറ്റവും പിഴവും മനസ്സിലാകുന്നത് ഒരു അച്ഛനും അമ്മയും മകളോട് കാണിക്കേണ്ട വാത്സല്യവും സ്നേഹവും കരുതൽ ഇതൊന്നും ഞങ്ങളുടെ മകൾക്ക് അനുഭവിക്കാൻ സാധിച്ചിരുന്നില്ല അവരുടെ തെറ്റ് മനസ്സിലാക്കി സ്നേഹവും വിശ്വാസവും കോർത്തുപിടിച്ചുകൊണ്ട് തങ്ങളുടെ മകളെ പുതിയൊരു ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തി ഗൗരി സ്വപ്നം യഥാർത്ഥമായി.

# അപ്പുവിൻറെ മുത്തശ്ശി

ഒരിടത്ത് ഒരു മുത്തശ്ശിയുണ്ടായിരുന്നു. ആ മുത്തശ്ശിയുടെ ചെറുമകളാണ് അപ്പുവും അമ്മുവും. അപ്പുവിന് കഥകൾ ഒരുപാട് ഇഷ്ടമാണ്. പിന്നെ മുത്തശ്ശിയെയും. ഒരു ദിവസം അപ്പു ഉറങ്ങാൻ കിടന്നു. പക്ഷേ അവന് ഉറക്കം വന്നില്ല. അപ്പോൾ അപ്പു അമ്മയോട് പറഞ്ഞു എനിക്കൊരു കഥ പറഞ്ഞു തരുമോ? അപ്പോൾ അമ്മ പറഞ്ഞു എനിക്കറിയില്ല. നിനക്ക് ഞാൻ ഒരുപാടു കഥകൾ പറഞ്ഞു തന്നിട്ടുണ്ട്. കേട്ടുകേട്ട് മടുത്തു കാണും. മുത്തശ്ശിയോടു ചോദിക്ക്. മുത്തശ്ശി കഥ പറഞ്ഞു തരും. അതും നല്ല നല്ല കഥകൾ. നല്ല രസമാണ് കേട്ടിരിക്കാൻ. ആരായാലും കൊതിക്കും അതുപോലൊരു മുത്തശ്ശിയെ കിട്ടാൻ. വേഗം ചെന്നോ. അപ്പു അങ്ങോട്ടോടി . അതും" മുത്തശ്ശി.... മുത്തശ്ശി...."

എന്ന് ഉറക്കെ വിളിച്ചുകൊണ്ട്. മുത്തശ്ശി ചോദിച്ചു:" എന്താ എൻറെ പൊന്നുമോന് വേണ്ടത്" എനിക്കൊരു കഥ പറഞ്ഞു തരുമോ? പിന്നെന്താ. മുത്തശ്ശി കഥ പറഞ്ഞു തുടങ്ങി. ഒരിടത്ത് ഒരു തത്തയും പൂച്ചയും ഉണ്ടായിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. പക്ഷേ, ആ പൂച്ചയുടെ മനസ്സ് മുഴുവനും കള്ളത്തരവും അസൂയയും ആയിരുന്നു. കാരണം, തത്തയ്ക്ക് നല്ല സൗന്ദര്യമാണ്. കൂടാതെ നല്ല സ്വഭാവവും. എല്ലാവർക്കും അവളെ വലിയ ഇഷ്ടമാണ്. ഇതൊക്കെ തന്നെയാണ് പൂച്ചയ്ക്ക് അസൂയയെ ഉണ്ടാവാൻ കാരണം. ഒരുദിവസം പൂച്ചയ്ക്ക് വിശപ്പ് തുടങ്ങി അങ്ങനെയിരിക്കുമ്പോൾ പൂച്ചയ്ക്ക് ഒരു ബുദ്ധി തോന്നി. ഒരു രഹസ്യം പറയാനാണെന്ന് വ്യാജേന വിളിച്ച് തൻറെ ആഹാരം ആക്കാം. പൂച്ചയുടെ സൂത്രം മനസ്സിലാക്കിയ കാക്കച്ചി തത്തയോട് ചെന്ന് എല്ലാ രഹസ്യവും പറഞ്ഞു. നീ ശ്രദ്ധിക്കണമെന്ന് പറഞ്ഞ് കാക്കത്തോട് അവൻ എൻറെ സുഹൃത്തല്ലേ അവനു വിശപ്പുണ്ടെങ്കിൽ എന്നെ തിന്നോട്ടെ . തത്ത പറഞ്ഞതെല്ലാം പൂച്ച ഒളിച്ചുനിന്ന് കേട്ടിരുന്നു.ഇതുകേട്ട് പൂച്ച ക്ഷമചോദിച്ചു. ഇത്രയും പറഞ്ഞു നിർത്തിയപ്പോൾ അപ്പു ഉറങ്ങി. അമ്മ അവനെ മുറിയിൽ കൊണ്ട് കിടത്തി. പിറ്റേന്ന് ഈ കഥ തന്നെ കൂട്ടുകാരോട് പറഞ്ഞതുകൊണ്ട് അവൻ തന്നെ മുത്തശ്ശിയെ ഒന്നു പുകഴ്ത്തുകയും തൻറെ ജീവിതത്തിൽ മുത്തശ്ശിയാണ് ഏറ്റവും ഇഷ്ടം എന്ന് പറയുകയും ചെയ്തു.



# അമ്മ എന്ന പുണ്യം

അനഘ .B 9C

ഒമ്പത് മാസവും ഒമ്പത് ദിവസവും 9 മണിക്കൂർ 9 വിനാഴികയും നാമോരോരുത്തരെയും വയറ്റിൽ ചുമ ന്നവരാണ് നമ്മുടെ അമ്മമാർ. സ്വന്തം ആരോഗ്യത്തെ കാളും നമ്മുടെ ആരോഗ്യത്തിന് പ്രാധാന്യം നൽകിയിരുന്നു. നാം കണ്ണുതുറന്നത് അമ്മയെന്ന പുണ്യം നുകർന്നവൾ . നാമോരോരുത്തരും വളർന്നുതുടങ്ങി വാനോളം. നമ്മൾ വളരുന്നതോടൊപ്പം തന്നെ അമ്മ നമ്മെക്കുറിച്ച് സ്വപ്നങ്ങൾ കാണാൻ തുടങ്ങി നമ്മൾ കഴിക്കാതിരുന്നാൽ അമ്മയും കഴിയില്ലായിരുന്നു. നാം ജീവിത ആദ്യാക്ഷരം കുറിച്ചു. വിദ്യ നാം എല്ലാവരും അഭ്യസിച്ചു. എന്നാൽ ജീവിതം പഠിക്കാൻ മറന്നുപോയി. നമ്മുടെ ജീവിത പച്ചപ്പിനെ വേണ്ടി നാം ഉയരങ്ങളിലേക്ക് പോയി. നമ്മൾ ആഗ്രഹിച്ചത് പോലെ സമ്പാദിക്കാനും തുടങ്ങി എന്നാൽ തിരക്കിനിടയിൽ നമ്മുടെ സൗഭാഗ്യമായി അമ്മയെ മറക്കാൻ തുടങ്ങി .നാം അറിയുന്നില്ല നമ്മുടെ സന്തോഷം അമ്മയുടെ നിറഞ്ഞ പ്രാർത്ഥനയാണെന്ന് സത്യം ചിന്തകൾപോലും നമുക്കു വെറുപ്പായി തുടങ്ങി." വയസ്സാം കാലത്ത് നമ്മെ ആഗ്രഹിച്ചപ്പോൾ നാം അവർക്ക് നൽകിയ സമ്മാനമാണ് വൃദ്ധമന്ദിരം". നമ്മോടൊപ്പം ആഘോഷിക്കേണ്ട ഓണവും പെരുന്നാളും നിറകണ്ണുകളോടെ അവർ വൃദ്ധസദനത്തിൽ ആഘോഷിച്ചു. അവിടെയും അമ്മയുടെ പ്രാർത്ഥന നമുക്ക് വേണ്ടിയായിരുന്നു. ഒടുവിൽ ഒരായുസ്സ് മൊത്തം നമുക്ക് വേണ്ടി കാത്തു നിന്ന നാം എന്ന സങ്കടം ബാക്കിയാക്കി ജീവിതം അവസാനിപ്പിക്കേണ്ടി വന്നവർ..... എല്ലാമറിഞ്ഞ് എത്തുമ്പോഴേക്കും എല്ലാം കഴിഞ്ഞിരിക്കും . ഒന്നുറക്കെ കരയാൻ പോലുമാവാതെ ജീവനില്ലാത്ത ആ മനസ്സ് പോലും ഒക്കെ വേണ്ടി പ്രാർത്ഥിക്കുന്നു എന്ന സത്യം നാം തിരിച്ചറിയുന്നില്ല" കണ്ണുള്ളപ്പോൾ അതിൻറെ വില അറിയില്ല". അമ്മേ സ്നേഹിക്കു. നമുക്ക് വേറെ ഇനി കിട്ടില്ല. പകരംവെക്കാനില്ലാത്ത പുണ്യം. ആ കണ്ണുകൾ നിറയാൻ അനുവദിക്കരുത്. അമ്മ എന്ന പുണ്യം നഷ്ടപ്പെട്ടവർ അവർ ഇഷ്ടപ്പെട്ടവരെ സ്നേഹിച്ച അവരും ആത്മാവിനെ പ്രീതിപ്പെടുത്തുന്നു. സുകൃതം ഉള്ളവർ എത്രയോ ഭാഗ്യവാന്മാർ. കണ്ണടയ്ക്കും മുൻപ് വാരി പുണരുക. നഷ്ടപ്പെട്ട്

വിലപിച്ചിട്ട് ഫലമില്ലെന്ന് അറിയുക.... ആ ഒരു കാലം അത്ര വിദൂരമല്ല എന്നു മനസ്സിലാക്കുക. നമ്മളും വയസ്സാകും. നാം എങ്ങനെയാണ് നമ്മുടെ അച്ഛനമ്മമാരോട് കാണിക്കുന്നത് അതുപോലെയായിരിക്കും നമ്മുടെ മക്കൾ നമ്മളോട് കാണിക്കുന്നത്. ഇത് ഓരോ മക്കളും മറക്കാതെ ഇരിക്കേണ്ട സത്യമാണ്." വിതച്ചതെ കൊയ്യാൻ പറ്റൂ"എന്ന ലോക സത്യം തിരിച്ചറിയുക.



# അഹങ്കാരത്തിന് കിട്ടിയ ശിക്ഷ

ഒരിടത്ത് ഉണ്ണി എന്ന പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു .അവനു രണ്ടു സുഹൃത്തുക്കളും ഉണ്ട്. അവരുടെ പേര് കണ്ണൻ, ഗോകുൽ എന്നായിരുന്നു. ഇവർ മൂന്നു പേരും ഒരുമിച്ചാണ് പഠിച്ചിരുന്നത്. അതും ഒരേ ക്ലാസ്സിൽ ഉണ്ണി ഏഴാം ക്ലാസ് വിദ്യാർഥിയാണ്. അവൻ തൻറെ സുഹൃത്തുക്കളോടൊപ്പം നന്നായി പഠിക്കുമായിരുന്നു .പക്ഷേ അവനെ കൂട്ടുകാർക്ക് അവനോട് അസൂയയായിരുന്നു. അവരേക്കാൾ നന്നായി പഠിക്കുന്നതിൽ .അങ്ങനെ ഒരുദിവസം അവർക്ക് തോന്നി ഉണ്ണിക്ക് ഒരു പണി കൊടുക്കണമെന്ന്. അങ്ങനെയിരിക്കെ ഒരുദിവസം ടീച്ചർ വന്നു പറഞ്ഞു. നാളെ ഒരു പെയിൻറിംഗ് മത്സരം നടക്കുന്നുണ്ട്. ഇഷ്ടമുള്ളവർക്ക് പങ്കെടുക്കാമെന്ന്. ഉണ്ണി പഠിത്തത്തിൽ മാത്രമല്ല ചിത്രരചനയിലും കളികളിലും ഒക്കെ ഒന്നാമനാണ്. അങ്ങനെ അടുത്ത ദിവസമായി പെയിൻറിംഗ് മത്സരം തുടങ്ങാൻ പോവുകയാണ്. ഉണ്ണി മത്സരിക്കാനായി പെയിൻറ് നോക്കിയപ്പോൾ കാണാനില്ല. ഈ വിവരം ഉണ്ണി ടീച്ചറോട് പറഞ്ഞു .കണ്ണനും ഗോകുലും അവിടെനിന്ന് പരുങ്ങുന്നത് ടീച്ചർ കണ്ടു. അവരുടെ ബാഗ് പരിശോധിച്ചപ്പോൾ കണ്ണൻറെ ബാഗിൽ നിന്നും ഒരു പെയിൻറ് കിട്ടി. അത്കണ്ട ഉടൻ തൻറെ ഏതാണെന്ന് ഉണ്ണി പറഞ്ഞു. ടീച്ചർ കണ്ണനോടു ഗോകുലിനോടും മാപ്പ് പറയാൻ പറഞ്ഞു . അവർ ലജ്ജിച്ച് തല കുനിച്ചു ഉണ്ണിയോട് അവർ മാപ്പ് പറഞ്ഞു .അവരുടെ അഹങ്കാരത്തിന് ടീച്ചർ ശിക്ഷ കൊടുത്തു പിന്നീട് ഒരിക്കലും അവ അങ്ങനെ ചെയ്തിട്ടില്ല.



# " എന്നും ഓർമ്മകൾ"

തോരാമഴ ആരാത്രി അങ്ങനെ മഴയിലൂടെ കടന്നുപോയി പുലർച്ചെ നാലുമണി നിത്യ എന്ന പത്തുവയസ്സുകാരി ഉണർന്നു അവൾ പഠിത്തം തുടർന്നു. സമയം അവളെ കാത്തു നിൽക്കാതെ 9 പോയി. അതായത് സമയം ഒൻപതുമണി. അവൾ സ്കൂളിലേക്ക് പോയി. ക്ലാസിൽ ചെന്നതും കൂട്ടുകാർ ആരും തന്നെ വന്നില്ലായിരുന്നു. അവളവിടെ ഇരുന്നു അപ്പോൾതന്നെ കൂട്ടുകാരി റസിയ വന്നു. അവൾ ചെറുപുഞ്ചിരിയോടെ അവളെ നോക്കി പറഞ്ഞു:" റസിയ മാർക്ക് വല്ലതും തന്നു" റസിയ പറഞ്ഞു ഞാൻ വന്നില്ല. കുട്ടികളെകണ്ടതും നിത്യയുടെ മനസ്സിലെ മാർക്ക്ൻറെ ഓർമ്മ പോയി . അങ്ങനെ ഉച്ച ആയി അപ്പോളാണ് നിത്യയുടെ മുഖത്ത് ഒരു ദുഃഖം മീര കണ്ടത്. അവളത് കൂട്ടാക്കിയില്ല. ചോറ് പാത്രം തുറന്ന് അതിൽ ചോറു മാത്രം കറികൾ ഒന്നുംതന്നെയില്ല. കുട്ടികൾ കറി പങ്കുവെച്ചു നിത്യയ്ക്ക് സന്തോഷം. വീട്ടിലെത്തി നിത്യ അമ്മയുടെ അടുത്ത് പറഞ്ഞു;" നല്ല രസമായിരുന്നു ഉച്ചയ്ക്ക് സ്കൂളിൽ നിന്ന് ആഹാരം ഉണ്ടായിരുന്നു. അമ്മ അവളെ നോക്കി പറഞ്ഞു: അതേയോ വാ.. അമ്മ അപ്പം ഉണ്ടാക്കി വച്ചിരിക്കുന്നു. മോളെ വാ തരാം." സന്ധ്യാസമയം നിത്യ നാമം ചൊല്ലുകയാണ്. അവൾ എന്നിട്ട് ഉറങ്ങാൻ തുടങ്ങി രാവിലെയായി അവൾ പള്ളിക്കൂടത്തിലേക്ക് പോയി. മാർക്ക് കിട്ടി ക്ലാസ്സിൽ നിത്യയ്ക്ക് ആണ് ഏറ്റവും കുറവ്. അവൾക്ക് വളരെയധികം സങ്കടമായി. ആ കുഞ്ഞുമനസ്സിനെ അത് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അവൾ പൊട്ടിക്കരഞ്ഞു അധ്യാപകർ അവളോട് പറഞ്ഞു:" നീ ഇവിടെയുള്ള മറ്റു കുട്ടികളെക്കൂടി വഷളാക്കും." ആ വാക്കുകൾ അവളെ ജനിപ്പിച്ചു കൂട്ടുകാർ അവളെ പരിഹസിച്ചു. എങ്കിലും അവളുടെ അമ്മ അവളെ ഒന്നും തന്നെ പറഞ്ഞില്ല കാരണം അമ്മയ്ക്ക് അവളുടെ ആ മനസ്സിനെ വേദനിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. നേരം പുലർന്നു. നിത്യ ഉണർന്ന് അവൾക്ക് പൊള്ളുന്ന പനി. അന്നേദിവസം അവൻ സ്കൂളിലേക്ക് പോയില്ല. അവള് ജനാലയിലൂടെ തല വെളിയിലിട്ടു പുറത്തേക്ക് നോക്കി. തൻറെ കൂട്ടുകാർ പരിഹസിച്ചു എങ്കിലുംപ്രകൃതി അവളെ കൈവിട്ടില്ല. വരമ്പിലൂടെ നല്ല കുളിർകാറ്റു വീശുന്നു മൂവ്ണ്ടൻ മാവിൽ അണ്ണാറക്കണ്ണൻ അവളോട് എന്തോ പറയുന്നതായി തോന്നി. കാക്കമ്മ അവളെ നോക്കി ചിരിച്ചു. അത് എല്ലാം അമ്മയുടെ സ്നേഹം എല്ലാ അവളെ ആ മനസ്സിൽ സന്തോഷം ഉണ്ടാക്കി. അടുത്തദിവസം അവൻ സ്കൂളിലേക്ക് പോയി പിന്നെയും ആമുഖങ്ങൾ അവളുടെ മനസ്സിൽ വിഷമം വരുത്തി. എന്നാലും കൂട്ടുകാരിലൊരാൾ അവളോടൊപ്പം ആയിരുന്നു. അമ്മയില്ലാത്ത അമ്മൂമ്മ മാത്രമുള്ള അച്ഛൻ ഉപേക്ഷിച്ച ചന്തു എന്ന പയ്യൻ. അവൻ നിത്യയുടെ കൂട്ടുകാരനായി. ചന്തുവിനെ പാത്രത്തിൽ കറിഇല്ല എന്നാൽ നിത്യ കൊടുക്കും എന്നാൽ നിത്യയ്ക്ക് ഇല്ലെങ്കിൽ ചന്തു കൊടുക്കും എന്നാൽ അവൾ വാങ്ങില്ല. ഒരുദിവസം രാവിലെ അമ്മ നിത്യയുടെ അടുത്ത പറഞ്ഞു നീ ഇന്ന് ഉച്ചയ്ക്ക് വരണം ഉണ്ണാൻ എന്ന്അവൾ വിഷമത്തോടെ ചന്തുവിനോട് പറഞ്ഞു." ഞാനിന്ന് വീട്ടിൽ പോയാണ് ചന്തു കഴിക്കുന്നത്" ചന്തു അവളെയും നോക്കി പുഞ്ചിരിച്ചു എന്നിട്ട് നീ പോവൂ ഞാൻ ഊണ് കൊണ്ടുവന്നു. കറിയും ഉണ്ട് നിത്യ.. അങ്ങനെ അവൾ പോയി അപ്പോഴാണ് അയൽവാസിയായ ജാനു പറയുന്നത് അമ്മയ്ക്ക് തലവേദനയായി ആശുപത്രിയിൽ കൊണ്ടുപോയെന്ന്. ആശുപത്രിയിലേക്ക് പോകാൻ തിടുക്കമായി ജാനു പറഞ്ഞു: മോള് പോവണ്ട വാ ഊണുകഴിക്കാം എന്നിട്ട് സ്കൂളിൽ പോകുന്നു. അവൾ ഊണ് കഴിക്കാൻ നിൽക്കാതെ സ്കൂളിലേക്ക് പോയി

ചന്തു. ചന്തു ചോദിച്ചതിന് അവൾ കള്ളം പറഞ്ഞു. അവൾ ആദ്യം ചോദിച്ചത് എന്താണ് ചോറുണ്ടോ എന്നാണ്. അതും അവൾ തലയാട്ടി എന്തായിരുന്ന കറി? മീൻ കറി തോരൻ അങ്ങനെ പല കള്ളം അവനും പറഞ്ഞു മീൻ വറുത്തത് എന്നൊക്കെ... അപ്പോൾ അവളുടെ വായിൽ വെള്ളമൂറി ക്ലാസിൽ ടീച്ചർ പഠിപ്പിക്കുന്ന . എന്നാലും അവളുടെ മനസ്സ് ആശുപത്രിയിലായിരുന്നു. വീട്ടിലെത്തി അമ്മ ആശുപത്രിയിൽനിന്ന് വന്നില്ലായിരുന്നു. നേരം സന്ധ്യ സമയമായി. വാതിൽപടിയിൽ അവൾ ഒരു അനാഥയെ പോലെയായി. തൻറെ അച്ഛൻ അവരെ വിട്ടു പോയത് പോലെ അമ്മ പോകുമോ എന്ന് അവർ ആലോചിച്ചു. ഒരു ഓട്ടോ വന്നു. അതിൽ അയൽക്കാരി ജാനു പിന്നെ അവരുടെ ഭർത്താവ് ബാലൻ. അവൾ ചോദിച്ചു അമ്മ... അവർ പറഞ്ഞു: നാളെ വരും ആ രാത്രിയിൽ അവൾ ജാനുവിനെ വീട്ടില് ആയിരുന്നു. ആ വീട്ടിൽ അവരുടെ മക്കൾ സീമയും വിജിത്തും അവളുടെ മുന്നിൽ വന്ന പല കളിപ്പാട്ടവും അവൾക്ക് കൊടുത്തു. അവൾ അതിലൊരു പാവ മാത്രം വാങ്ങി. കാരണം തൻറെ എട്ടാമത്തെ വയസ്സിൽ അച്ഛൻ വാങ്ങിക്കൊടുത്തത് അവൾക്ക് കളിപ്പാട്ട ത്തിൽ പാവമായിരുന്നു. ആ രാത്രി അങ്ങനെ കടന്നുപോയി. രാവിലെ അവളുടെ അമ്മ വന്നു . തലവേദന ക്യാൻസർ ആണെന്ന് അറിഞ്ഞില്ല കൂടെ ചെന്നത് ജാനു ആയിരുന്നു. അവൾക്ക് മാത്രം അറിയാം. ജാനു അമ്മയോട് വിവരം പറഞ്ഞു അതായത് നിത്യയുടെ അമ്മയോട് അവൾ പൊട്ടിക്കരഞ്ഞു.. അതുകണ്ട് നിത്യ ചോദിച്ചു;" എന്താണ് അമ്മേ എന്താണ് കരയുന്നത്? അവർ ഒന്നുംതന്നെ മിണ്ടിയില്ല. കാലങ്ങൾ കടന്നുപോയി അമ്മ വിധിയോടെ വിവരം പറഞ്ഞില്ല. നിത്യ 7 പഠിക്കുന്നു. അമ്മയ്ക്ക് വയ്യാത്തതിനാൽ അവളോട് അമ്മ പറഞ്ഞു പനിയാണെന്ന്. അവൾ അത് വിശ്വസിച്ചു അതിനാൽ അമ്മയെ അവൾ സഹായിച്ചു. അങ്ങനെ അവൻ സ്കൂളിൽ പോകുന്നത് ഒൻപതരയ്ക്ക് ആയിരുന്നു ഏഴാംക്ലാസിൽ നിത്യ എല്ലാത്തിനും നല്ല മാർക്ക് എങ്കിലും ഗണിതത്തിന് കുറവായിരുന്നു അമ്മ ഒരുപാട് പ്രായമെന്ന് വരുകയാണ് അമ്മയുടെ അസുഖം കൂടുകയുമാണ് ഡിസംബർ 5 നിത്യയുടെ പിറന്നാൾ. അവൾ സ്കൂളിൽ പോയി ആരുടേയും അടുത്തു പറഞ്ഞില്ല കാരണംപറഞ്ഞാൽ എല്ലാവർക്കും അവളുടെ മിട്ടായി കയ്യിലില്ലായിരുന്നു. എന്നാൽ ഒരു നാരങ്ങ മിട്ടായി ഉണ്ടായിരുന്നു അത് അവൾ ചന്തുവിന് കൊടുത്തു. വൈകുന്നേരം വീട്ടിലെത്തി അപ്പോൾ അവിടെ ഒരു ആൾക്കൂട്ടം കരച്ചിൽ കേൾക്കുന്നുണ്ടായിരുന്നു.. തൻറെ അമ്മയും നിത്യ വിട്ടുപോയി വർഷം രണ്ടു കഴിഞ്ഞു അങ്ങനെപരീക്ഷ കഴിഞ്ഞു. നിത്യ പത്തിൽ ഫുൾ എപ്ലസ് വാങ്ങി പുച്ഛിച്ചുതള്ളിയ മുഖത്ത് പുഞ്ചിരി വിടർന്നു. അങ്ങനെ അവർ തന്നെ പഴയ വീട്ടിലേക്ക് ഇന്ന് പോയി അവിടെ പുതിയ വാടകക്കാരാണ് എങ്കിലും അവൾ വാതിലിൽ നിന്ന നോക്കി അപ്പോൾ മൂവാണ്ടൻ മാവിൻ കൊമ്പത്ത് പൂക്കൾ മാവു പൂത്തു. ഇളം കാറ്റ് വീശി അവൾ തിരിച്ചു നടന്നു. അങ്ങനെ അവൾ അവളുടെ പടംവര തുടർന്നു ആ ചിത്രങ്ങൾ അവൾ വിൽക്കാൻ തുടങ്ങി അതുകണ്ട് അവളെ ആളുകൾ സിനിമകളിൽ ചിത്രം വരയ്ക്കാൻ വിളിച്ചു. അങ്ങനെ നിത്യ എന്ന പെൺകുട്ടി സ്കൂളിൽ മടങ്ങിവന്നു. ആ പഴയ കാലം ചന്തുവിനെ കണ്ടതും അവർക്ക് സന്തോഷം നിത്യ എല്ലാവരെയും കണ്ട് പൂർവവിദ്യാർഥിസംഗമം തുടർന്നു. അവൾ നിത്യയുടെ ഫോട്ടോയെടുത്തു. ഓട്ടോഗ്രാഫ് ചോദിച്ചു കാരണം നിത്യ ഇപ്പോൾ ഒരു ചലച്ചിത്ര സംവിധായകൻ കൂടിയാണ്. അന്ന് അവൾ ആ പഴയ വീട് വാങ്ങി. കാക്കച്ചി കൂട്ടുകൂട്ടിയിരുന്നു അണ്ണാറക്കണ്ണൻ ഒരു മധുരമുള്ള മാമ്പഴം കഴിക്കുന്നു. അരയാലിലകൾ അവളുടെ കാതിൽ പാട്ടു മൂളുന്നു

# മലയാളഭാഷ

ഒറ്റനോട്ടത്തിൽ അക്ഷരങ്ങൾ കൊണ്ട് കോർത്ത് ഒരു ചരടാണ് മലയാളഭാഷ എന്ന് നമുക്ക് തോന്നാം എന്നാൽ അല്ല അത് മലയാളിയുടെ ആകാശങ്ങളിൽ എന്നും ഒരു ദീപമായി ജ്വലിക്കുക തന്നെ ചെയ്യും മലയാളം നമ്മുടെ അഭിമാനം ആണ് നമ്മുടെ സംസ്കാരമാണ് മാതൃഭാഷയിൽ നിന്ന് ഒരു കുട്ടി അകപ്പെടുമ്പോൾ സ്വന്തം സാംസ്കാരിക പൈതൃകത്തിൽ നിന്നും ആണ് അവൻ അകറ്റപെടുന്നത് ഒരു വ്യക്തി ലോകത്തെ മനസ്സിലാക്കുന്നത് അവൻറെ ഭാഷയിലൂടെയാണ് മാതൃഭാഷയ്ക്ക് മാത്രം നകരാൻ കഴിയുന്ന അനുഭൂതി മറ്റൊരു ഭാഷയ്ക്കും കഴിയില്ല. കേരളീയ ജനതയുടെ മനസിൽ നിത്യ ദീപ്തം ആകേണ്ട ഒരു സമൃദ്ധിയാണ് മലയാളം. മലയാളം ആണ് നമ്മുടെ പെറ്റമ്മ. അന്യഭാഷകൾ കേവലം പോറ്റമ്മ മാത്രമാണ്. മലയാളഭാഷയെ മറന്നാൽ സ്വന്തം നാടിനെയും മറക്കുന്നതിനെ തുല്യമാണ്. ഒരു കുഞ്ഞിനെ ആദ്യ ഭാഷ മലയാളമാണ് തൻറെ അച്ഛനെയും അമ്മയെയും തിരിച്ചറിയാനും തിരിച്ചറിവ് സ്വീകരിക്കാനും മലയാളഭാഷ ആവശ്യമാണ്.

മാതൃഭാഷയുടെ മഹത്വം പല പല കവികളും വിവരിച്ചിട്ടുണ്ട്. മലയാള ഭാഷയുടെ ശ്രേഷ്ഠത ഉളവാക്കുന്ന ഒരു കവിതയാണ് o.n.v. യുടെ" അമ്മ" മലയാളം നമ്മുടെ പെറ്റമ്മയാണ്. മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ ആണ്. ചിത്ര വർണ്ണമായ നമ്മുടെ മലയാളത്തിൽ കവിത, നിരൂപകർ, എന്നിങ്ങനെയുള്ള ചിത്രശലഭങ്ങൾ ധാരാളമുണ്ട്. മലയാളഭാഷയുടെ പിതാവെന്നറിയപ്പെടുന്ന എഴുത്തച്ഛൻറെ നാടായ നമ്മുടെ കേരളത്തിൽ സ്വാധീനം ചെലുത്തും നാം അറിയുന്നുണ്ട്. മലയാളത്തിൻറെ മഹത്വം വ്യക്തമാക്കുന്ന കവിതകളും മറ്റും മൺമറഞ്ഞു കൊണ്ടിരിക്കുന്നു. ഇംഗ്ലീഷ് ഭാഷ പഠനത്തിനുവേണ്ടി മുക്കം പായുന്ന അവസ്ഥയെ നാം ശ്രദ്ധം വിമർശിക്കേണ്ട തുണ്ട്. മലയാളഭാഷ ഇന്ന് മരണമടഞ്ഞ കൊണ്ടിരിക്കുന്നു. മലയാളം അറിയാത്തത് അന്ന് അപമാനമായി കാണാതെ അഭിമാനമായി കാണുന്ന കേരളീയ ജനത തികച്ചും ഓർമിക്കേണ്ടതുണ്ട്. മലയാളം എന്ന ദീപത്തെ കുറിച്ച് നമ്മുടെ മലയാളത്തെ ചവിട്ടിത്താഴ്ത്താൻ ഉയർത്തിപ്പിടിക്കുകയാണ് വേണ്ടത്. അതിനെ താഴ്ത്താൻ നമുക്ക് അവകാശമില്ല ഭാഷകളുടെ അടിമകളല്ല നാം. നമ്മെ ആരും നിർബന്ധിക്കുന്നില്ല. ഏത് രാജ്യത്ത് പോയാലും ഏത് ധൂസര സങ്കല്പങ്ങളിൽ നാം മലയാളം എന്ന സൂര്യോദയത്തെ മേഘം കൊണ്ട് മറക്കാൻ പാടില്ല. മലയാളമെന്ന കത്തിജ്വലിക്കുന്ന ദീപം ഒരിക്കലും അണയാതെ സൂക്ഷിച്ചുകൊണ്ട് അതിനെ തെളിച്ചുകൊണ്ട് നാമോരോരുത്തരും ജീവിക്കേണ്ടതുണ്ട്..



# കഴിഞ്ഞുപോയ ഒരു വസന്തകാലം

പണ്ട് ഒരു കൊച്ചുഗ്രാമത്തിൽ ഒരു കൊച്ചു പെൺകുട്ടി തൻറെ മാതാപിതാക്കളുമായി താമസിച്ചിരുന്നു .അവളുടെ വീട്ടിൽ എന്നും വസന്തകാലമാണ്. അതിവിശാലമായ പൂന്തോട്ടം അതിന് അരികിലൂടെ ഒരു കൊച്ചു നദി ഒഴുകുന്നുണ്ടായിരുന്നു. അവളുടെ പൂന്തോട്ടത്തിൽ എല്ലാതരത്തിലുമുള്ള പൂക്കളും ഉണ്ടായിരുന്നുവെങ്കിലും അവൾക്ക് ഏറെ ഇഷ്ടം തൻറെ ചേല് ഏറുന്ന കൊച്ചു പനിനീർ റോസ് ആയിരുന്നു. ഒരു ദിവസം അവൾ തൻറെ പൂന്തോട്ടത്തിൽ ഇരിക്കുകയായിരുന്നു .ആ സമയം അവളുടെ അയൽക്കാരിയായ അമ്മുവിന് തൻറെ അമ്മയ്ക്ക് നൽകാനെന്ന പേരിൽ കള്ളം പറഞ്ഞു റോസാപ്പൂ വേണമെന്ന് ആവശ്യപ്പെട്ടു. സത്യം മനസ്സിലാക്കാതെ അവൾ പൂ നൽകി മണിയൻ പൂച്ച എന്ന ബുദ്ധിമാനായ സുഹൃത്ത് വഴി തൻറെ അയൽക്കാരിയുടെ കള്ളത്തരം അവൾ മനസ്സിലാക്കി. അമ്മയ്ക്ക് നൽകുവാൻ വേണ്ടി വാങ്ങിയ പൂവ് അവള് നദിക്കരയിൽ ഉപേക്ഷിച്ചിരുന്നു.അയൽക്കാരിയുടെ പ്രവർത്തി അവളെ വിഷമിപ്പിച്ചു അവൾ വീട്ടിലേക്ക് പോയി കുറച്ചുനാൾ കഴിഞ്ഞ് പതിവു പോലെ അവൾ അതിരാവിലെ ഉണർന്ന് നദിയിൽ മുഖം കഴുകി . നദിയിലെ വെള്ളത്തിനു നല്ല തണുപ്പുണ്ടായിരുന്നു . പെട്ടെന്നാണ് ആ കാഴ്ച അവൾ കണ്ടത് നദിക്കരയിൽ അതിമനോഹരമായ ഒരു റോസാ ചെടി വളർന്നു വരുന്നു .ആ കാഴ്ച കണ്ടതോടെ അവൾ അതു വളരാനായി കാത്തിരുന്നു .ദിവസങ്ങൾക്കു ശേഷം ആ റോസാ ചെടി വളർന്ന് അതിൽ പൂവിടാൻ തുടങ്ങി .നദിയിലേക്ക് ചാഞ്ഞു നിന്നിരുന്നു പെട്ടെന്ന് ആയിരുന്നു ആ സംഭവം. ആ നാട്ടിലെ നദികളും മറ്റും നികത്തി വലിയ ഫാക്ടറികൾ പണിയാൻ പോകുന്നു.അവരുടെഅങ്ങനെയിരിക്കെ അവളുടെ കുടുംബം ദാരിദ്ര്യം നേരിട്ടു. അച്ഛൻ പൂന്തോട്ടം നിന്നിരുന്ന സ്ഥലം വിറ്റു. ഇതു മുതലാക്കി ഉദ്യോഗസ്ഥർ ആ സ്ഥലത്തും ഫാക്ടറികൾ പണിഞ്ഞു വ.ളരെ സങ്കടത്തോടെ ആ കുട്ടി അടുത്തവർഷം വസന്തകാലം ആയപ്പോൾ ആ വസന്തം തൻറെ ഹൃദയത്തിൽ ഒരുവട്ടംകൂടി പൂ വിടണമെന്ന് ആഗ്രഹിച്ചു കൊണ്ട് ആ വസന്തകാലത്തെ വരവേറ്റു .പ്രകൃതിയിലെ ഒരു തീവ്ര ജന്തുജാലം നശിപ്പിക്കുകയില്ല എന്ന് പ്രതിജ്ഞ ചെയ്തു.

# അമ്മ കിളിയുടെ മനസ്സ്

ഒരു ഗ്രാമത്തിലെ മരച്ചില്ലയിൽ ഒരു അമ്മക്കിളിയും ഒരു കുഞ്ഞിക്കിളിയും താമസിച്ചിരുന്നു. അച്ഛൻ കിളിയുടെ ഉപദ്രവം സഹിക്കാൻ കഴിയാതെ അമ്മക്കിളിയും കുഞ്ഞിക്കിളിയും മറ്റൊരു വീട്ടിലേക്ക് താമസം മാറി.

അവർക്ക്കൂട്ടിന് അമ്മക്കിളിയുടെ അമ്മയും കൂട്ടിയിരുന്നു. അങ്ങനെ അമ്മക്കിളി എന്നും ജോലിക്ക് പോകും എന്തിനെന്നോ അമ്മക്കിളിയുടെ അമ്മയെയും കുഞ്ഞിക്കിളിയും നോക്കാൻ അവർക്ക് രണ്ടുപേർക്കും ഒരു കുറവും വരുത്താൻ അവൾ ഇഷ്ടപ്പെട്ടില്ല ഇതിനിടെ അവൾക്ക് ഒരുപാട് ബുദ്ധിമുട്ട് നേരിടേണ്ടിവന്നു പോരാത്തതിന് മറ്റ് ആൺകിളികൾ അവളോട് കൂട്ടുകൂടാൻ വരുകയും അതൊന്നും ശ്രദ്ധിക്കാതെ ജീവിതം മുന്നോട്ടുനയിച്ചു അവളുടെ മനസ്സിൽ രണ്ടു മുഖങ്ങൾ മാത്രമായിരുന്നു അമ്മക്കിളിയും കുഞ്ഞിക്കിളിയും അവൾക്ക് എന്ത് വിഷമം ഉണ്ടെങ്കിലും അമ്മയോട്പറയുമായിരുന്നു അവൾക്ക് ഒന്നു മറച്ചുവെക്കാൻ ഇല്ലായിരുന്നു ഇതിനിടെ ഒരുപാട് സംഭവങ്ങൾ അവളുടെ തലക്ക് മേലെ വന്നു തനിച്ചു നേരിടാൻ അവൾക്ക് ശേഷിയുണ്ടായിരുന്നില്ല ജീവിക്കണമെന്ന് ആശയ പോലും അവൾക്കുണ്ടായിരുന്നില്ല എപ്പോഴും

മരണത്തെക്കുറിച്ച് ആയിരുന്നു ചിന്ത പക്ഷേ സ്വയം അവൾക്ക് മരിക്കാൻ കഴിയില്ല. മരിക്കുമ്പോൾ കുഞ്ഞിക്കിളിയും കൊണ്ടുപോകണം എന്നാൽ അവർ തയ്യാറല്ല എൻറെ കുഞ്ഞികിളിയെ ആരുനോക്കും ഞാൻ മരിച്ചാൽ അതോടെ എല്ലാം അവസാനിക്കുമോ അമ്മക്കിളി അവളെ താങ്ങിനിർത്താൻ സഹോദരങ്ങൾ ഉണ്ടായിരുന്നില്ല അവരെല്ലാം സ്വാർത്ഥചിന്ത ഉള്ളവരാണ് അവരുടെ കാര്യ അവളോട്സാധ്യതകൾ സ്നേഹം നടക്കുമായിരുന്നു എല്ലാം മനസ്സിലായിട്ടും നീ മിണ്ടാതെ മനസ്സിലായില്ല എന്ന് ഭാവിച്ചു ഓരോ പ്രശ്നങ്ങൾ കാരണം പലപല ദിവസങ്ങളിൽ അവൾ ആഹാരം പോലും കഴിച്ചിരുന്നില്ല മരിക്കാൻ വേണ്ടി അവൾ ഒരുപാട് വഴികൾ ആലോചിച്ചു പക്ഷേ കുഞ്ഞിക്കിളിയുടെ മുഖം ഓർത്തപ്പോൾ അവൾക്ക് ഒന്നിനും തോന്നിയില്ല എന്നതാണ് സത്യം അവൾ ഇല്ലാതായാൽ അവളുടെ കുഞ്ഞികിളിയെ ആര് നോക്കും ഇതാ ഒരു ചോദ്യമായി മനസ്സിലുയർന്നു ഒന്നാമത് അവൾ ഒരു പെൺകുഞ്ഞ് അല്ലേ ഇപ്പോഴത്തെ കാലം വല്ലാത്ത മോശ

സ്ഥിതിയാണ് എൻറെ മകളെ ഒറ്റയ്ക്ക് വിടാൻ അവർക്ക് സമ്മതം ആയിരുന്നു അവളുടെ ഹൃദയം. വല്ലാതെ നീറി അമ്മക്കിളി കുഞ്ഞിക്കിളി വേണ്ടി ജീവിക്കാൻ തീരുമാനിച്ചു വരുന്നിടത്തുവെച്ചു ബാക്കി കാര്യം കാണാം വിശ്വസിച്ചു അവളുടെ കൊച്ചു ജീവിതത്തിൽ അമ്മയ്ക്കും കുഞ്ഞിനും അല്ലാതെ മറ്റാർക്കും സ്ഥാനമില്ല അവളുടെ ജീവിതം അവർക്കായി ഉഴിഞ്ഞുവെച്ചു അവൾ ഈശ്വരനോട് പ്രാർത്ഥിച്ചു എനിക്കുതന്ന കഷ്ടപ്പാടും വേദനയും ദുരിതവും കഷ്ടപ്പാടും പ്രയാസവും നൽകരുതേ

അവൾക്കൊരു ശത്രുപോലും ഇതുപോലുള്ള അനുഭവങ്ങൾ നൽകിയില്ലെന്ന്

അങ്ങനെയിരിക്കെ ഒരു ആൺ പക്ഷി അവളോട് പറഞ്ഞു നിന്നെയും നിൻറെ കുഞ്ഞിനെയും ഞാൻ സംരക്ഷിക്കാം എന്നോടൊപ്പം നീ വരുമോ? ഈ ചോദ്യത്തിൽ അവൾ പകച്ചുപോയി ആദ്യം നിരസിച്ചെങ്കിലും പിന്നീട് ചിന്തിച്ചപ്പോൾ അവൾക്ക് തോന്നി കൂട്ടുവേണം തണൽ വേണം എന്നൊക്കെ പതിയെ അവനെ ഇഷ്ടം തുടങ്ങി അവരുടെസ്നേഹം മൂക്കുന്നതിനു മുമ്പ് വേരറ്റ പോയി അവൾ ദൃഢനിശ്ചയം എടുത്തു എൻറെ അമ്മയും കുഞ്ഞും അല്ലാതെ എൻറെ ജീവിതത്തിൽ ആരും ഉണ്ടാവില്ല.

അവൾക്കൊരു ശത്രു പോലെ അങ്ങനെ അന്ന്

# ഭൂമിയുടെ തണൽ



സഹദ് മുഹമ്മദ് 5A

ഒരിക്കൽ ഒരിടത്ത് അതായത് ഒരു കുഗ്രാമത്തിൽ ഒരു ആൽത്തറയിൽ ഒരുസന്യാസി വസിച്ചിരുന്നു. അദ്ദേഹം രണ്ടുവർഷമായി സന്യാസം തുടർന്നു കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ അതിനെ അനേകം നാളുകൾക്ക് മുമ്പ് അതായത് സന്യാസം തുടരുന്നതിനു മുമ്പ് നാട്ടിലുള്ള അവരോട് പറഞ്ഞിരുന്നു എൻറെ സന്യാസത്തിന് ഭംഗം വന്നാൽ നിങ്ങൾക്ക് അത് ദോഷമേ ചെയ്യൂ .

അങ്ങനെ ആരും ഇത്രയും നാളായിട്ടും ശല്യം ചെയ്യാൻ പോയില്ല . അങ്ങനെ ഒരുദിവസം ഇരിക്കെ ഭയാനകമായ ഒരു ശബ്ദം കേട്ടു സന്യാസി എന്നിട്ടും കണ്ണുതുറന്നില്ല. സന്യാസിയും പൂർത്തീകരിക്കാനാവാതെ കണ്ണുതുറന്നു നോക്കിയപ്പോൾ സന്യാസി ഇരുന്ന് ആൽത്തറയിൽ ഉള്ള ആൽമരം കാണാനില്ല ആൽത്തറയും ഇടിഞ്ഞു കിടക്കുന്നു . സന്യാസി മുഴങ്ങുന്നശബ്ദത്താൽ ചോദിച്ചു? ആരാണ് ആൽ മരം വെട്ടിയത് ആരും ഒന്നും മിണ്ടിയില്ല.... അങ്ങനെ പിന്നെയും ഒന്നുകൂടി മുഴങ്ങുന്ന ശബ്ദത്തിൽ ചോദിച്ചു ആൽ മരം വെട്ടിയത്. ആളുകൾ പറഞ്ഞു ഇത് അകലെ രാജ്യത്തിൽ നിന്ന് വന്ന ജന്മി യാണ്. സന്യാസി പറഞ്ഞു നിങ്ങൾ ആരും എൻറെ സന്യാസത്തെ കുറിച്ച് പറഞ്ഞിരുന്നില്ലേ പറഞ്ഞു പിന്നിൽ നിന്നൊരാൾ മുഴങ്ങുന്ന ശബ്ദത്തിൽ പറഞ്ഞു. അവനെവിടെ? ആ ജന്മി അയാൾ ആ കൂടാരത്തിൽ ഇരിപ്പുണ്ട് വിളിക്കട്ടെ ഋഷി. അതെ വിളിക്കൂ നീ ആരാണ് സന്യാസി ചോദിച്ചു ഞാൻ ആരാണെന്ന് അറിയണമെങ്കിൽ ഇവരോട് ചോദിച്ചാലറിയാം. ആരാണ് നീ സന്യാസി ചോദിച്ചു. ഇവർ മറ്റു രാജ്യത്തിൽ നിന്ന് വന്ന കള്ളന്മാരാണ്. നിങ്ങൾ കള്ളന്മാർ ആണെങ്കിൽ നിങ്ങളെന്തിനാണ് എൻറെ സന്യാസത്തിന് ഭംഗം വരുത്തി. ഞങ്ങൾ ഭംഗം വരുത്തിയ തല്ല് ആൽമരം മുറിച്ചതാണ്. നിങ്ങൾ മോഷണം നടത്തുന്നത് ഭീകരമായ പ്രവർത്തിയാണ്

ഇപ്പോൾ നിങ്ങൾ ചെയ്തത്. കാരണം നിങ്ങൾ ഭൂമിയുടെ തണലാണ് നശിപ്പിച്ചത്. ജന്മിമാർ പറഞ്ഞു ഇതൊന്നും ഞങ്ങൾക്ക് പ്രശ്നമില്ല .സന്യാസി പറഞ്ഞു: നിങ്ങൾ ഇതോർത്ത് ദുഃഖിക്കും യാസീൻ അവരോട് ഇതിനെ പറഞ്ഞു മനസ്സിലാക്കി അങ്ങനെ സന്യാസി അവരെക്കൊണ്ട് 2 ആൽമരം വെപ്പിച്ചു. അങ്ങനെ അവരും സന്യാസിയുടെ കൂടെക്കൂടി. ഇനി ഞാനൊരു കാര്യം പറയാം ഒരു മരം മുറിച്ചാൽ 2 മരം വയ്ക്കണമെന്നാണ് ഭൂമിയുടെ ശാസ്ത്രം

# അമ്പിളിമാമനും രണ്ടു കവികളും

കാട്ടിൽ രണ്ടു കൂട്ടുകാരുണ്ട്. കറുകറ രോമമുള്ള കരടി കുട്ടനും വെളുവെളാ രോമമുള്ള മുയൽ അച്ചനും.

എന്നും വൈകുന്നേരം രണ്ടുപേരും കണ്ടുമുട്ടും. കുറേനേരം രസകരമായ പലതും പറഞ്ഞിരിക്കും. നേരം ഇരുട്ടി തുടങ്ങുമ്പോൾ തിരികെ വീട്ടിലേക്ക് മടങ്ങുകയും ചെയ്യും.

കാട്ടിൽ ഒരിടത്ത് ഒരു അമ്പഴങ്ങ മരം ഉണ്ട്. അതിൻറെ ചുവട്ടിലാണ് അവർ വർത്തമാനം പറയാൻ ഒത്തുകൂടുന്നത്. ഒരുദിവസം വൈകുന്നേരം മരച്ചുവട്ടിൽ വച്ച്കരടി കുട്ടൻ മുയൽ അച്ഛനോട് പറഞ്ഞു. മുയൽ അച്ഛാ വർത്തമാനം പറഞ്ഞു മടുത്തു. ഇനി നീയൊരു പാട്ടു പാട്. അത് കേട്ടപ്പോൾ മുയലച്ചൻ പറഞ്ഞു. അയ്യോ എനിക്ക് പാട്ടുകളൊന്നും ഓർമ്മ വരുന്നില്ല. അതുകൊണ്ട് ആദ്യം നീ തന്നെ പാട്ട് പാട്. ഞാൻ താളം പിടിക്കാം. പക്ഷേ അവർക്ക് പാട്ടൊന്നും അറിയില്ലായിരുന്നു അവർ സങ്കടപ്പെട്ട് ഇരിയ്ക്കുമ്പോൾ സന്ധ്യയായി അപ്പോഴാണ് കരടി കുട്ടൻ ഒരു കാഴ്ച കണ്ടു അമ്പഴങ്ങ മരത്തിൻറെ ചില്ലകൾക്കിടയിലൂടെ അതാ അമ്പിളിമാമൻ ഉദിച്ച് പൊങ്ങുന്ന അവർ ആ കാഴ്ച മുയൽ അച്ചനേയും കാണിച്ചുകൊടുത്തു ചങ്ങാതി ഇപ്പോൾ എനിക്കൊരു പാട്ടുപാടാൻ തോന്നുന്നു മുയലച്ചൻ പറഞ്ഞു ശരി ശരി വേഗം പാട് കരടി കുട്ടന് സന്തോഷത്തോടെ പറഞ്ഞു അപ്പോൾ അമ്പഴങ്ങ മരത്തിൻറെ കൊമ്പുകളുടെ ഇടയിലൂടെ കാണാവുന്ന പുലി മാമനെ മുയലച്ചൻ ഇങ്ങനെ പാടി " എന്തുകൊണ്ട് പടത്തിനെ സിനിമ 4 എല്ലാം ചെയ്യുഹായ് അടിപൊളി മുയലച്ചന് പാട്ട് കരടി കുട്ടൻ ഏറ്റുപാടി....... ദേവേട്ടാ അമ്പിളിമാമനെ നോക്കിയപ്പോൾ തേൻ കൊതിയനായ കരടി കുട്ടന് ഒരു തേൻ ഭരണിയാണ് ഓർമ്മവന്നത് "ചങ്ങാതി നിൻറെ പാട്ടിൻറെ അടുത്ത വരികൾ പാടട്ടെ"? കരടി കുട്ടൻ മുയൽ അച്ചനോട് ചോദിച്ചു "വേഗം വേഗം" മുയലച്ചൻ പറഞ്ഞു അപ്പോൾ കരടി കുട്ടൻ പാടാൻ തുടങ്ങി കരടി കുട്ടൻ പാട്ടുകേട്ട് മുയലച്ചൻ പറഞ്ഞു "ഗംഭീരം" അവർ സന്തോഷവാന്മാരായി വീട്ടിലേക്ക് മടങ്ങി.

# രണ്ടു ചിത്രകാരന്മാർ

പണ്ട് പണ്ട് ഒരു രാജ്യത്ത് രണ്ടു ചിത്രകാരന്മാർ ജീവിച്ചിരുന്നു. രാമു , ദാമു എന്നായിരുന്നു അവരുടെ പേര്. അവർ പാവപ്പെട്ടവർ ആയിരുന്നു. ചിത്രങ്ങൾ വരച്ച് ചന്തയിൽ കൊണ്ടുപോയി വിറ്റ് അതിൽ നിന്നും കിട്ടുന്ന തുച്ഛമായ പണം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. പക്ഷേ അവർക്ക് ആ പണംകൊണ്ട് ഒന്നുമായില്ല. അങ്ങനെയിരിക്കെ ഒരു ദിവസം അവൾ പതിവുപോലെ ചന്തയിൽ ചിത്രങ്ങൾ വിൽക്കാൻ പോയി. വിറ്റു കൊണ്ടിരിക്കെ അവിടെ വിദേശത്തുനിന്ന് ഒരാൾ വന്നു. അയാൾ സാധനങ്ങൾ വാങ്ങാനും സ്ഥലങ്ങൾ കാണുവാനും ആണ് വന്നത്. അയാൾക്ക് അവർ വരച്ച ചിത്രങ്ങൾ ഇഷ്ടമായി അയാളത് വലിയൊരു വിലയ്ക്കുവാങ്ങി .അങ്ങനെ അവർക്ക് ഒരുപാട് പണം കിട്ടി. വിദേശത്തുനിന്ന് വന്ന ആൾ പറഞ്ഞു" നിങ്ങൾക്ക് എൻറെ കൂടെ വന്നാൽ ഈ ചിത്രങ്ങളൊക്കെ അവിടത്തെ രാജ്യത്തെ രാജാവിനെ സമർപ്പിക്കാം" അങ്ങനെ അവർഅയാളുടെ കൂടെ പോയി. ചിത്രങ്ങൾ രാജാവിന് സമർപ്പിച്ചു. അവരെ കൊട്ടാരം ചിത്രകാരന്മാരായ നിയമിക്കുകയും ചെയ്തു. അവർക്ക് സന്തോഷമായി. അവരെ കൊട്ടാര ചിത്രകാരന്മാർ ആക്കിയത് കൊണ്ട് നേരത്തെ കൊട്ടാരം ചിത്രകാരനായ ആൾക്ക് അസൂയതോന്നി. എന്തെന്നാൽ അയാളുടെ ജോലി പോയി. അതുകൊണ്ട് അയാൾ ഒരു വിദ്യ പ്രയോഗിച്ചു. അവർ വരച്ച ചിത്രത്തിന് മുകളിൽ കളർ ചായം ഉപയോഗിച്ച് വൃത്തികേടാക്കി. അപ്പോൾ രാജാവിനെ കാണിക്കുമ്പോൾ ദേഷ്യം തോന്നില്ലേ. പക്ഷേ ദേഷ്യം തോന്നിയില്ല ഇതെല്ലാം ബുദ്ധിമാനായ കൊട്ടാരം മന്ത്രി കേൾക്കുന്നുണ്ടായിരുന്നു. അയാൾ ഇക്കാര്യം രണ്ടു ചിത്രകാരന്മാരുടെ അടുത്തു പറഞ്ഞു .അവർ പുതിയൊരു ചിത്രം രാജാവിനുവേണ്ടി വരച്ചു. അത് നേരത്തെ വരച്ച ചിത്രത്തേക്കാൾ മനോഹരമായിരുന്നു. അതുകണ്ടപ്പോൾ രാജാവിനും വളരെ സന്തോഷമായി. ഇതെല്ലാം കഴിഞ്ഞതിനുശേഷം ചലചിത്രകാരൻ ചതിയെ കുറിച്ച് എല്ലാവരോടും മന്ത്രി വിശദീകരിച്ചു. രാജാവ് അയാളെ പുറത്താക്കുകയും ചെയ്തു. പിന്നീട് അവർ അവിടെ ആരുടേയും ശല്യം ഇല്ലാതെ ജീവിച്ചു.



# സൗഹൃദം

എങ്ങുനിന്നോ വന്ന ഒരു വിദ്യാ വേരിൽ

ഒന്നായി തളിരിട്ട പൂമൊട്ടുകൾ നാം

ഓരോ തളർന്ന നമ്മൾ മെല്ലെ ഒന്നൊന്നു ചൊല്ലി

മധുര കൃതികളിൽ ഒരുപാട് മനം ലയിച്ചിട്ടും

ഈ പൂക്കാല സൗഹൃദത്തിൽ ഇ തളർത്തുവാൻ വന്ന

നഖ കൈകൾ ഇന്നും ഭയത്തോടെ ഓർക്കുന്നു ഞങ്ങൾ

സൗഹൃദത്തിലെ മധുര തേൻ നുകരാനെത്തിയ കരിവണ്ടുകൾ ഇന്നും

നൊമ്പരത്തോടെ ഓർക്കുന്നു ഞങ്ങൾ

ഞങ്ങൾതൻ സൗഹൃദ പൂക്കൾ എന്നും

കാണികൾക്ക് കണ്ണേർ ഇട്ടു

ഇതൾ അടരുവാൻ പോകുന്ന പൂക്കാല ദിനങ്ങൾ എണ്ണി

ചുടുകണ്ണീർ പൊഴിച്ചതും

ആഞ്ഞടിച്ച് കൊടുങ്കാറ്റിൽ ഇതൾ വിടർത്തി

അതിശക്തമായി തരണം ചെയ്തതും

ഈ കലാലയ സൗഹൃദം ഇന്നും കൊതിതീരാത്ത

നന്മ മഴയായി പെയ്യുന്ന മണ്ണിൽ

വീണ്ടുമൊരു വേരിൽ ഒന്നായി തളിരിടുന്ന

പൂമൊട്ടുകൾ ആകുവാൻ മോഹം.......



# നീർപ്പോളകൾ

ഉമ്മറക്കോലായിൽ ഇരുന്ന് പൊഴിഞ്ഞുവീഴുന്ന മഴത്തുള്ളികളെ നോക്കിയിരിക്കുകയാണ് അയാൾ. മുറ്റത്തെ വെള്ളത്തിൽ അവ നീർപ്പോളകൾ ഉണ്ടാകുന്നു. അവയിലാണ് അയാളുടെ കണ്ണുകൾ. ഇടയ്ക്കെപ്പോഴോ അയാൾ ചിരിക്കുന്നുണ്ട്. നീർപ്പോളകൾ പൊട്ടുമ്പോൾ ആണ് ആ ചിരി വിടരുന്നത് അയാളുടെ ചിരിയിൽ എന്തൊക്കെയോ ഒളിഞ്ഞുകിടപ്പുണ്ട്. നിരാശയാണ്? വിഷമാണോ? പ്രണയമാണോ? നഷ്ടമാണോ? എന്തെല്ലാമോ കലർന്ന ഒരുതരം ഭ്രാന്തമായ ചിരി.

മഴയുടെ ശക്തി കൂടിയായിരുന്നു. ഇടിമിന്നൽ ഇരുട്ടിനെ ഒരു നിമിഷത്തേക്ക് ഇല്ലാതാക്കുകയും ഇരുട്ട് പിന്നെയും കടക്കുകയും . മഴയുടെ ഭാരം ഉമ്മറ കൊലയിലേക്ക് അടിച്ചുകയറി മങ്ങിയ റാന്തലുമായി അയാൾ തന്നെ കിടപ്പുമുറിയിലേക്ക് പിച്ച വെച്ചു. രണ്ടുദിവസത്തെ പുറത്തു ക്ഷീണം ഉണ്ടായിരുന്നു. അതിനാൽ പെട്ടെന്ന് ഉറങ്ങി. എന്നാലും കണ്ണടയ്ക്കാൻ കുറച്ചു കഷ്ടപ്പെട്ടു.

ദാസേട്ടാ..... ദാസേട്ടാ.... എൻ തുടക്കമായത്? ഇങ്ങോട്ട് എഴുന്നേറ്റ്.... ആവിപറക്കുന്ന ചായ ഗ്ലാസുമായി അവൾ കിടക്കയുടെ തലയ്ക്കൽ വന്നിരുന്നു. തലകുനിച്ച് കുറച്ചു പിണക്കത്തോടെ.... അവളുടെ പിണക്കം കണ്ടിട്ടാവാം അയാളും കിടക്കവിട്ട്. എഴുന്നേറ്റത് അവളുടെയും കുങ്കുമം അണിഞ്ഞ് സീമന്തരേഖയിൽ ചുണ്ടുകളമർത്തി മറന്നില്ലേ... ഇന്നത്തെ ദിവസത്തെ പ്രത്യേകത ഞാൻ പിണക്കമാ......

അയാൾ അവളെ നെഞ്ചോട് ചേർത്തു പിന്നെയും ചുംബിച്ചു. എൻറെ മോളും പിണങ്ങല്ലേ... പറ എന്താ കാര്യം? കണ്ണുനീർ ഒളിപ്പിച്ചുകൊണ്ട് പുറത്ത് ദേഷ്യം കാട്ടി അവൾ ചിണുങ്ങി പറഞ്ഞു: സ്നേഹം ഒക്കെ വെറും അഭിനയം ആണല്ലോ?....

ഏങ്ങലടിച്ച് കരഞ്ഞുകൊണ്ട് അവൾ അയാളോട് പറഞ്ഞു ഇന്നെൻറെ കാലത്തെഴുന്നേറ്റു ക്ഷേത്രത്തിൽ പോകാമെന്ന് പറഞ്ഞ ആളാ കിടന്നുറങ്ങുന്നത്... അയാൾ അവളെ വാരിപ്പുണർന്നു ചുണ്ടിൽ ചുണ്ടുകളമർത്തി വാതിൽ മെല്ലെ മന്ത്രിച്ചു സമ്മാനം... സീത പോവും

ഉച്ചത്തിലുള്ള ഇടിവെട്ട് കേട്ടിട്ടാണ് ഞെട്ടി ഉണർന്നത്. അയാളുടെ നെഞ്ചോട് അമർത്തി ഒരു തലയിണ യുണ്ട്. അയാളുടെ ചുറ്റും അവളെ തിരഞ്ഞു കണ്ണോടിച്ചു ആവിപറക്കുന്ന ഗ്ലാസ് ഇല്ല, എങ്ങും അവളുടെ കാച്ചെണ്ണ ഗന്ധം. അയാൾ ഒരു ഭ്രാന്തനെ പോലെ എല്ലാ മുറിയിലും അവളെ നോക്കി. ഇല്ല അവൾ..... അടുക്കളയിൽ അടുപ്പ് കൽപ്പിച്ചിട്ടില്ല ദീപങ്ങൾ തെളിഞ്ഞിട്ടില്ല ജനലിലൂടെ വന്ന കാറ്റടിച്ച് കലണ്ടർ തറയിൽ വീണു. അതെടുത്തു അങ്ങനെയാണ് അയാൾ ആ തീയതി ശ്രദ്ധിച്ചത്... അതെ ജൂൺ 21 അവളുടെ പിറന്നാൾ.... അവളില്ലാത്ത അവളുടെ പിറന്നാൾ

സ്വപ്നങ്ങൾ നീർപ്പോളകൾ പോലെയാണ് ഒരു നിമിഷത്തിൻറെ പോലും ആയുസ്സില്ല അവയ്ക്ക്.

# കാട്ടു കറുമ്പി

ഒരിടത്തൊരു ഗ്രാമത്തിൽ ഒരു കറുത്ത പെൺകുട്ടി ജീവിച്ചിരുന്നു. അവളുടെ പേര് ഉഷ എന്നായിരുന്നു. അവളെ ഉഷ കുട്ടി പൂവ് എന്ന് വിളിക്കുമായിരുന്നു. ഉഷ കുട്ടിയുടെ ആഗ്രഹം ഒരു സാമൂഹികപ്രവർത്തക ആവണം എന്നായിരുന്നു. സമൂഹത്തെ നല്ല കാര്യം ചെയ്യണം എല്ലാവരെയും സഹായിക്കണം എന്നതായിരുന്നു അവളുടെ ചിന്ത. സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ എല്ലാവരും കാട്ടു കറുമ്പി എന്നാണ് വിളിച്ചിരുന്നത്. കൂട്ടുകാരുടെ നൊമ്പരപ്പെടുത്തുന്ന വിളി അവൾക്ക് സഹിക്കുന്നതിനും അപ്പുറമായിരുന്നു. അവൾ ആരോടും പരാതി പറഞ്ഞിരുന്നില്ല. ഉഷ കുട്ടിയെ ആരും കളിക്കാൻ കൂട്ടും ആയിരുന്നില്ല. അവൾക്ക് തെല്ലും സഹിക്കവയ്യാത്ത നിമിഷങ്ങൾ ഉണ്ടാകുമ്പോൾ അവർ അമ്മയുടെ മടിത്തട്ടിൽ തല ചായിച്ച കിടക്കുമായിരുന്നു. അവളുടെ സന്തോഷവും ദുഃഖവും പറഞ്ഞിരുന്നത് അമ്മയോടാണ്. അമ്മയായിരുന്നു അവൾക്ക് എല്ലാം. പഠിത്തത്തിൽ ഒന്നാംസ്ഥാനത്തായിരുന്ന ഉഷ കുട്ടി അവളുടെ സന്തോഷത്തിൽ കൂട്ടുകാർ ആരും കൂടിയില്ല. സ്കൂൾ കാലം കഴിഞ്ഞ് ഉന്നത പഠിത്തം നേടാൻ കോളേജിലേക്ക് പോയി. അവിടെയും അവൾക് ആരും കൂട്ടിനു ഉണ്ടായിരുന്നില്ല. അവരുടെ കൂടെ ആരും ഒന്നിച്ച് ഇരിക്കുകയോ ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നില്ല. അവൾ ഒറ്റയ്ക്ക് റോഡിലൂടെ നടന്നു പോയികൊണ്ടിരിക്കുന്ന പോൾ ചിന്തിച്ചു. എന്നെ ആർക്കും ഇഷ്ടമല്ല ആരും കൂട്ടു കൂടുന്നില്ല. എൻറെ കറുപ്പുനിറം കാരണം ആരും എന്നോട് അടുക്കുന്നത് പോലുമില്ല. ദൈവം തന്നെയല്ലേ എന്നെയും സൃഷ്ടിച്ചത്. പിന്നെ എനിക്ക് മാത്രം ഈ അവസ്ഥയെ തന്നത് കുട്ടിക്കാലം മുതൽതന്നെ. ഈ നൊമ്പരം എന്നെ അലട്ടുന്നുണ്ട്. ഞാൻ ഇനി ജീവിച്ചിരുന്നിട്ട് കാര്യമില്ല. എത്ര ഉന്നതസ്ഥാനം നേടാൻ കഴിയുമെന്ന് പറഞ്ഞാലും ഒറ്റയ്ക്കുള്ള ഈ ഇരിപ്പും അത്ര നല്ലതല്ല. ഞാൻ മരിക്കുന്നത് തന്നെയാണ് നല്ലത് കുടിച്ചാൽ ആർക്കും ഒന്നും നഷ്ടപ്പെടാൻ ഇല്ല. എൻറെ അമ്മയുടെ കാര്യം ഓർക്കുമ്പോൾ എനിക്ക് സങ്കടമുണ്ട് എന്നാലും എൻറെ ജീവിതം എനിക്ക് പോകാൻ സാധിക്കില്ല. ഈ ചിന്തയിൽ നിന്ന് ഒരു ശബ്ദം കേട്ട് അവൾ പുറത്തുകടന്നു അവളുടെ കണ്മുന്നിൽ ഒരു അപകടം ഉണ്ടാവേണ്ടതായിരുന്നു. പക്ഷേ അപകടത്തെ ഉഷ കുട്ടി തട്ടിമാറ്റി. ഒരു അന്ധയായ കുട്ടിയെ വണ്ടി തട്ട് ണ്ടത് ആയിരുന്നു. പക്ഷേ അപകടത്തെ ഉഷ കുട്ടി തട്ടിമാറ്റി. ഉഷ കുട്ടി കണ്ടതും അന്ധയായ കുട്ടിയെ മാറ്റി. ഇതു കണ്ടുനിന്ന എല്ലാവരും അവളെ അഭിനന്ദിച്ചു. അന്ധയായ കുട്ടിയുടെ അമ്മ ഉഷ കുട്ടിയോട് പറഞ്ഞു. മോൾ ഞങ്ങളുടെ ദൈവമാണ്. മോൾ ഇല്ലായിരുന്നെങ്കിൽ ഞങ്ങളുടെ മക്കളെ ഞങ്ങൾക്ക് നഷ്ടമായേനെ. ഒരുപാട് നന്ദിയുണ്ട്. വലിപ്പം ചെറുപ്പത്തിലും നിറവ്യത്യാസം അല്ല നമ്മൾ ആളുകളെ തിരിച്ചറിയുന്നത്. മറിച്ച് ഇതുപോലുള്ള നല്ല പ്രവർത്തികൾ ചെയ്താണ്. അമ്മയുടെ വാക്കുകൾ ശരിക്കും മനസ്സിൽ നിന്ന് വന്ന

സന്ദേശമായിരുന്നു. ഉഷ കുട്ടി ചിന്തിച്ചു. ദൈവം എനിക്ക് കറുത്ത നിറമല്ലേ തന്നത്. എന്നെ അന്ധയായി ജനിപ്പിച്ചില്ല്ലല്ലോ . എനിക്കിനി ജീവിക്കണം തലയുയർത്തിപ്പിടിച്ച് ജീവിക്കണം. ഇതുപോലെ നല്ല കാര്യങ്ങൾ എനിക്ക് ഇനിയും ചെയ്യണം. ഇവിടെനിന്ന് ഞാൻ പുതിയൊരു ജീവിതം തുടങ്ങുകയാണ്. ആര് ഇനി എൻറെ വ്യക്തിത്വത്തെ ചോദ്യം ചെയ്താലും , അത് പ്രശ്നമല്ല. ഞാൻ സമൂഹത്തിൽ നല്ല പ്രവർത്തികൾ മാത്രമേ ചെയ്യുകയുള്ളൂ ദൈവത്തിന് നിരക്കാത്തത് ഒന്നും ഞാൻ ചെയ്യുകയില്ല ഇത്ഉഷ കുട്ടിയുടെ വാക്കാണ്.

# मै अकेला है

मैं अकेला हूं , यह रास्ते मैं
दुख से बहने वाले मेरे मन मैं
आई है तुम मेरे दिल मे स्नेहा स्वर्णा दीप को सत्ता
तुम क्यों आई? अश्रु बहाकर मेरे पास
अंगूर बगीचे का नसू निशू स्वास्थ्य से
दूर करने के लिए तुम क्यों आई
हे सा गी ... तुम क्यों आई
हे स गी... तुम क्या हो?
तुम्हारी साथ नहीं मेरा रूब
दुख से निराशा होगर मेरे मन में
अचानक तुम आई
मैन अकेला होम इस रास्ते मे...

अफसाना.9c



# രണ്ടു ചിത്രകാരന്മാർ

പണ്ട് പണ്ട് ഒരു രാജ്യത്ത് രണ്ടു ചിത്രകാരന്മാർ ജീവിച്ചിരുന്നു. രാമു , ദാമു എന്നായിരുന്നു അവരുടെ പേര്. അവർ പാവപ്പെട്ടവർ ആയിരുന്നു. ചിത്രങ്ങൾ വരച്ച് ചന്തയിൽ കൊണ്ടുപോയി വിറ്റ് അതിൽ നിന്നും കിട്ടുന്ന തുച്ഛമായ പണം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. പക്ഷേ അവർക്ക് ആ പണംകൊണ്ട് ഒന്നുമായില്ല. അങ്ങനെയിരിക്കെ ഒരു ദിവസം അവൾ പതിവുപോലെ ചന്തയിൽ ചിത്രങ്ങൾ വിൽക്കാൻ പോയി. വിറ്റു കൊണ്ടിരിക്കെ അവിടെ വിദേശത്തുനിന്ന് ഒരാൾ വന്നു. അയാൾ സാധനങ്ങൾ വാങ്ങാനും സ്ഥലങ്ങൾ കാണുവാനും ആണ് വന്നത്. അയാൾക്ക് അവർ വരച്ച ചിത്രങ്ങൾ ഇഷ്ടമായി അയാളത് വലിയൊരു വിലയ്ക്കുവാങ്ങി .അങ്ങനെ അവർക്ക് ഒരുപാട് പണം കിട്ടി. വിദേശത്തുനിന്ന് വന്ന ആൾ പറഞ്ഞു" നിങ്ങൾക്ക് എൻറെ കൂടെ വന്നാൽ ഈ ചിത്രങ്ങളൊക്കെ അവിടത്തെ രാജ്യത്തെ രാജാവിനെ സമർപ്പിക്കാം" അങ്ങനെ അവർഅയാളുടെ കൂടെ പോയി. ചിത്രങ്ങൾ രാജാവിന് സമർപ്പിച്ചു. അവരെ കൊട്ടാരം ചിത്രകാരന്മാരായ നിയമിക്കുകയും ചെയ്തു. അവർക്ക് സന്തോഷമായി. അവരെ കൊട്ടാര ചിത്രകാരന്മാർ ആക്കിയത് കൊണ്ട് നേരത്തെ കൊട്ടാരം ചിത്രകാരനായ ആൾക്ക് അസൂയതോന്നി. എന്തെന്നാൽ അയാളുടെ ജോലി പോയി. അതുകൊണ്ട് അയാൾ ഒരു വിദ്യ പ്രയോഗിച്ചു. അവർ വരച്ച ചിത്രത്തിന് മുകളിൽ കളർ ചായം ഉപയോഗിച്ച് വൃത്തികേടാക്കി. അപ്പോൾ രാജാവിനെ കാണിക്കുമ്പോൾ ദേഷ്യം തോന്നില്ലേ. പക്ഷേ ദേഷ്യം തോന്നിയില്ല ഇതെല്ലാം ബുദ്ധിമാനായ കൊട്ടാരം മന്ത്രി കേൾക്കുന്നുണ്ടായിരുന്നു. അയാൾ ഇക്കാര്യം രണ്ടു ചിത്രകാരന്മാരുടെ അടുത്ത് പറഞ്ഞു .അവർ പുതിയൊരു ചിത്രം രാജാവിനുവേണ്ടി വരച്ചു. അത് നേരത്തെ വരച്ച ചിത്രത്തേക്കാൾ മനോഹരമായിരുന്നു. അതുകണ്ടപ്പോൾ രാജാവിനും വളരെ സന്തോഷമായി. ഇതെല്ലാം കഴിഞ്ഞതിനുശേഷം ചലചിത്രകാരൻ ചതിയെ കുറിച്ച് എല്ലാവരോടും മന്ത്രി വിശദീകരിച്ചു. രാജാവ് അയാളെ പുറത്താക്കുകയും ചെയ്തു. പിന്നീട് അവർ അവിടെ ആരുടേയും ശല്യം ഇല്ലാതെ ജീവിച്ചു.

THAnks